

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2015

ഓഗസ്റ്റ്

Volume VI Issue 79

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


## ആഫ്രിക്കൻ നേതാക്കൾക്കു ബറാക് ഒബാമയുടെ ശാസന



*അഡിസ്അബാബ:* കാലാവധി കഴിഞ്ഞിട്ടും സ്ഥാനമൊഴിയാതെ അധികാരത്തിൽ കടിച്ചുതൂങ്ങുന്ന ആഫ്രിക്കൻ നേതാക്കൾ ജനാധിപത്യത്തിനു വൻ ദ്രോഹമാണു ചെയ്യുന്നതെന്നു യുഎസ് പ്രസിഡന്റ് ബറാക് ഒബാമ. എത്യോപ്യൻ തലസ്ഥാനമായ അഡിസ് അബാബയിൽ 54 അംഗ ആഫ്രിക്കൻ യൂണിയൻ ഉച്ചകോടി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ആജീവനാന്ത പ്രസിഡന്റാവാൻ ആരും ഉദ്യമിക്കരുതെന്ന് ഒബാമ പറഞ്ഞു. പിൻഗാമിക്ക് അധികാരം കൈമാറുന്ന ദിനം താൻ ഉറ്റുനോക്കുകയാണെന്നു സ്വന്തം കാര്യം ചൂണ്ടിക്കാട്ടി ഒബാമ പറഞ്ഞു. യുഎസ് ഭരണഘടന പ്രകാരം ഇനി എനിക്കു മത്സരിക്കാനാവില്ല. അമേരിക്കയെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇനിയും പലതും ചെയ്യാനുണ്ടെന്ന് എനിക്കറിയാം. എന്നാൽ നിയമം നിയമമാണ്.

ആരും നിയമത്തിന് അതീതരല്ല-ഒബാമ പറഞ്ഞു. പ്രസിഡന്റ് പദവി ഒഴിഞ്ഞശേഷം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണു താൻ ചിന്തിക്കുന്നതെന്നും ഒബാമ ചൂണ്ടിക്കാട്ടി. കുടുംബത്തിനായി കൂടുതൽ സമയം ചെലവഴിക്കണം. ആഫ്രിക്കയിലേക്ക് കൂടുതൽ യാത്രകൾ നടത്തണം.

ബറൂണ്ടി പ്രസിഡന്റ് പിയറെ എൻക്രുൻസിസാ മൂന്നാം വട്ടവും അധികാരത്തിൽ തുടരാൻ നടത്തിയ ശ്രമങ്ങളെ വിമർശിച്ചുകൊണ്ടാണ് ഒബാമ ഇക്കാര്യം പറഞ്ഞത്.

രാജ്യത്തെ ഒന്നിച്ചു നിർത്താൻ തന്റെ സാന്നിധ്യം അനിവാര്യമാണെന്ന് ഏതെങ്കിലും നേതാവു കരുതുന്നുവെങ്കിൽ, രാഷ്ട്രനിർമിതിയിൽ അദ്ദേഹം പരാജയപ്പെട്ടെന്നാണ് അതിനർഥം. ഏറെക്കാലം അധികാരത്തിലിരുന്നശേഷം സമയമായപ്പോൾ സസന്തോഷം അധികാരം ഒഴിഞ്ഞ നെൽസൺ മണ്ടേലയുടെ കാര്യം ഒബാമ അനുസ്മരിച്ചു.

അഴിമതി തുടച്ചു നീക്കാനും ജനാധിപത്യം ശക്തിപ്പെടുത്താനും ആഫ്രിക്കൻ നേതാക്കളെ ഉപദേശിച്ച ഒബാമ വിമതശബ്ദം അടിച്ചമർത്തുന്ന പ്രവണതയ്ക്കെതിരെ മുന്നറിയിപ്പു നൽകി. പത്രപ്രവർത്തകരെ തടങ്കലിലാക്കുകയും പ്രതിപക്ഷത്തിന്റെ സ്വാതന്ത്ര്യം തടയുകയും ചെയ്യുന്ന എത്യോപ്യയുടെ നയം ഒട്ടും ആശാവഹമല്ല.

കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമായിരിക്കണം ആഫ്രിക്കൻ നേതാക്കൾ ശ്രമിക്കേണ്ടത്. സുരക്ഷിതത്വവും സമാധാനവും ഇല്ലാത്ത സ്ഥലങ്ങളിൽ നിക്ഷേപത്തിനു ബിസിനസുകാർ മടിക്കുമെന്ന കാര്യം വിസ്മരിക്കരുതെന്നും ഒബാമ ഓർമിപ്പിച്ചു. കെനിയയിൽ ദ്വിദിന പര്യടനത്തിനുശേഷമാണ് ഒബാമ എത്യോപ്യയിലെത്തിയത്.

## എ.പി.ജെയ്ക്ക് രാഷ്ട്രത്തിന്റെ പ്രണാമം



*രാമേശ്വരം:* രാഷ്ട്രത്തിന്റെ പ്രിയപുത്രന് വിട. ജനകോടികളുടെ പ്രണാമം പ്രധാനമന്ത്രി നരേന്ദ്രമോദി അർപ്പിച്ചു. മുൻരാഷ്ട്രപതി എ.പി.ജെ.അബ്ദുൾകലാമിന് പൂർണ ഔദ്യോഗിക ബഹുമതികളോടെ ജനിച്ചുവളർന്ന രാമേശ്വരം കടലോരഗ്രാമത്തിലുള്ള പൗരാണിക മസ്ജിദിൽ അന്ത്യവിശ്രമമൊരുക്കി.

പ്രധാനമന്ത്രി നരേന്ദ്ര മോദി, കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ എന്നിവർ ഉൾപ്പടെ ദേശീയ, സംസ്ഥാന നേതാക്കൾ സംസ്കാരച്ചടങ്ങിൽ പങ്കെടുത്തു. അനാരോഗ്യംമൂലം തമിഴ്നാട് മുഖ്യമന്ത്രി ജയലളിത സംസ്കാരച്ചടങ്ങിൽ പങ്കെടുത്തില്ല.

സ്മരണാഞ്ജലികൾ - അടുത്ത പേജിൽ

## ഹിനൂർ രത്നം ഇന്ത്യയ്ക്കു നൽകണം ബ്രിട്ടീഷ് എം.പി



ലോകപ്രശസ്തമായ കോഹിനൂർ രത്നം ഇന്ത്യക്കു തിരിച്ചുകൊടുക്കണമെന്നു ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് എംപി കീത്ത് വാസ് നിർദേശിച്ചു.

രണ്ടുനൂറ്റാണ്ടത്തെ കോളനി വാഴ്ചക്കാലത്ത് ബ്രിട്ടൻ ഇന്ത്യയോടു ചെയ്ത അനീതികൾക്കു പരിഹാരം വേണമെന്ന് ശശി തരൂർ ഈയിടെ ഓക്സ്ഫഡ് യൂണിയനിൽ നടത്തിയ പ്രസംഗത്തിൽ ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണ് വാസ് ഈ നിർദേശം മുന്നോട്ടുവച്ചത്.

നവംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിട്ടൻ സന്ദർശിക്കുമ്പോൾ കോഹിനൂർ ഇന്ത്യയ്ക്കു മടക്കി നൽകണമെന്നു വാസ് നിർദേശിച്ചു.

ആന്ധ്രയിലെ കള്ളാർ ഖനികളിൽനിന്ന് മധ്യയുഗത്തിൽ ഖനനം ചെയ്തെടുത്ത അമൂല്യ രത്നക്കല്ലാണ് കോഹിനൂർ. ഏറെക്കാലം കാക്കാത്തീയ രാജവംശത്തിന്റെ കൈവശമായിരുന്നിത്. പിന്നീട് പല കൈകൾ മാറിയ ഈ അമൂല്യരത്നം ഒടുവിൽ ബ്രിട്ടീഷുകാർ ബലമായി തട്ടിയെടുക്കുകയായിരുന്നു. ഇപ്പോൾ ഇത് ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടം അലങ്കരിക്കുന്നു. കോഹിനൂർ ഇന്ത്യയ്ക്ക് തിരിച്ചുതരണമെന്ന് പലവട്ടം ആവശ്യം ഉയർന്നെങ്കിലും ബ്രിട്ടൻ ചെവിക്കൊണ്ടില്ല.








# അബ്ദുൾ കലാമിന് വേൾഡ് മലയാളി കൗൺസിൽ ശ്രദ്ധാഞ്ജലിയർപ്പിച്ചു




*തിരുവനന്തപുരം:* ഇന്ത്യൻ ജനതയെ, പ്രത്യേകിച്ച് യുവജനങ്ങളെയും കുട്ടികളെയും സ്വപ്നം കാണാൻ പ്രേരിപ്പിച്ച് അത് ജീവിതത്തിൽ സാർഥകമാക്കാൻ പഠിപ്പിച്ച് മൺമറഞ്ഞ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിനു വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) ശ്രദ്ധാഞ്ജലിയർപ്പിച്ചു.

തിരുവനന്തപുരത്തു ചേർന്ന കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗമാണ് ലോകാരാധ്യനായ ജനകീയ രാഷ്ട്രപതിയും കൗൺസിലിന്റെ മാർഗനിർദേശിയുമായ കലാമിന്റെ അപ്രതീക്ഷിത വേർപാടിൽ ദുഃഖം രേഖപ്പെടുത്തിയതെന്ന് ഗ്ലോബൽ പിആർഒ ഡോ. ജോർജ് എം. കാക്കനാട്ട് പത്രക്കുറിപ്പിൽ അറിയിച്ചു.

കൗൺസിലിന്റെ അഭിമാന സംരംഭമായ ആൾട്ടിയൂസിനു നവജീവൻ പകർന്ന സാന്നിധ്യമായിരുന്നു പലപ്പോഴും അബ്ദുൾ കലാം. കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പുത്തൻ ദിശാബോധം നൽകി. വിദ്യാർഥികളുടെ സംഘബോധത്തിന്റെ അപൂർവ കൂട്ടായ്മയായി ആൾട്ടിയൂസിനെ രൂപപ്പെടുത്തുന്നതിൽ ചാലകശക്തിയായത് അബ്ദുൾ കലാമാണ്.

ആൾട്ടിയൂസിലെ വിദ്യാർഥി-യുവജന വിഭാഗങ്ങൾക്കായി കലാം തന്നെ ഒരു പ്രതിജ്ഞ രചിച്ചു നൽകുകയുണ്ടായി. ഇത് ചൊല്ലിയാൽ മാത്രം പോരാ, അതിൽ പറഞ്ഞിരിക്കുന്ന മൂല്യവത്തായ കാര്യങ്ങൾ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും വേണമെന്ന് അദ്ദേഹം ഉപാധികളില്ലാതെ നിഷ്കർഷിച്ചിരുന്നു. ഡോ. കലാമിന്റെ ഉപദേശനിർദേശങ്ങൾ പ്രാവർത്തികമാക്കുകയെന്നതാണ് അദ്ദേഹത്തിനു കൊടുക്കാവുന്ന ആദരവിന്റെ ഏറ്റവും വലിയ പ്രകടനമെന്ന് ആൾട്ടിയൂസ് കോ-ഓഡിനേറ്റർ പ്രിയദാസ് മംഗലത്ത് പറഞ്ഞു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ വി.സി. പ്രവീൺ, പ്രസിഡന്റ് എ.എസ്. ജോസ്, ജനറൽ സെക്രട്ടറി സിറിയക് തോമസ്, ട്രഷറർ ജോബിൻസൻ കൊറ്റത്തിൽ, സ്ഥാപക നേതാവ് ആൻഡ്രു പാപ്പച്ചൻ തുടങ്ങിയവർ അനുശോചിച്ചു.

# അബ്ദുൾ കലാമിന് ശ്രദ്ധാഞ്ജലി

## ഐഎൻഒസി പ്രണാമം

*ന്യൂയോർക്ക്:* 2002 മുതൽ 2007 വരെ ഇന്ത്യയുടെ പ്രസിഡന്റു പദം അലങ്കരിച്ച് ജനഹൃദയങ്ങളിൽ കുടിയിരുന്ന മികച്ച ജനനേതാവും ശാസ്ത്രജ്ഞനും ചിന്തകനും എളിമയുടെ പ്രതീകവുമായ ഡോ. കലാമിന്റെ ദേഹവിയോഗം ഭാരതത്തിന് തീരാനഷ്ടമാണെന്ന് ഐഎൻഒസി പ്രസിഡന്റ് ജോബി ജോർജും വൈസ് പ്രസിഡന്റ് ഡോ. മാമ്മൻ സി. ജേക്കബും ജനറൽ സെക്രട്ടറി ഡോ. സാൽബി പോൾ ചേന്നോത്ത്, സെക്രട്ടറി ഡോ. അനുപം, ട്രഷറർ സജി ഏബ്രഹാം, ചെയർമാൻ കളത്തിൽ വർഗീസ്, രാധാകൃഷ്ണൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

ഭാരതം കണ്ട നേതാക്കളിൽ പ്രഗത്ഭനായ വാഗ്മിയും നേതൃപാടവം പ്രകടമാക്കിയ ആദ്യത്തെ ശാസ്ത്രജ്ഞ രാഷ്ട്രപതിയായിരുന്ന ഡോ. കലാമിനു ഐഎൻഒസി പ്രണാമം അർപ്പിക്കുന്നതായി നേതാക്കൾ പറഞ്ഞു.

## മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ

*ഷിക്കാഗോ:* മുൻ രാഷ്ട്രപതിയും ഇന്ത്യയുടെ മിസൈൽ സ്വപ്നങ്ങൾക്ക് അഗ്നിച്ചിറക് നൽകിയ ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ നിര്യാണത്തിൽ മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ അനുശോചിച്ചു.

ജനകീയ രാഷ്ട്രത്തലവനായിരുന്ന അബ്ദുൾ കലാമിന്റെ ദേഹവിയോഗം രാഷ്ട്രത്തിനു തന്നെ തീരാനഷ്ടമാണെന്ന് പ്രസിഡന്റ് വിജി നായർ പറഞ്ഞു. നിരാശരായ തലമുറയ്ക്ക് പ്രതീക്ഷയുടെ അഗ്നിച്ചിറകുകളിൽ പറന്നുയരാൻ തന്റെ ജീവിതം കൊണ്ട് മാതൃക കാണിച്ച് പ്രചോദനം നൽകിയ മഹാ മനീഷിയായിരുന്നു അബ്ദുൾ കലാം.

പക്ഷഭേദങ്ങളില്ലാത്ത ഭരണാധികാരി, ധീഷണശാലിയായ ഗവേഷകൻ, എഴുത്തുകാരൻ, കവി, തത്വശാസ്ത്രജ്ഞൻ എന്നീ നിലകളിലെല്ലാം ഉന്നതികളിലേക്കുള്ള പടവുകൾ ചവിട്ടി കയറുമ്പോഴും ഏറ്റവും ലളിതമായ ജീവിതം നയിച്ചിരുന്ന അപൂർവ്വ പ്രതിഭയായിരുന്നു ഡോ. കലാം. അദ്ദേഹത്തിന്റെ നിര്യാണം ഭാരതീയർക്ക് നികത്താനാവാത്ത നഷ്ടമാണെന്ന് അരവിന്ദ് പിള്ള, ജോൺ പാട്ടപ്പതി, സജു നായർ, ഏബ്രഹാം വർഗീസ്, പീറ്റർ കുളങ്ങര, വർഗീസ് പാലമലയിൽ, ബേസൽ പെരേര എന്നിവരും അറിയിച്ചു.

സതീശൻ നായർ അറിയിച്ചതാണിത്.

## ഇല്ലിനോയി മലയാളി അസോസിയേഷൻ

*ഷിക്കാഗോ:* ഇല്ലിനോയി മലയാളി അസോസിയേഷന്റെ ഒരു അടിയന്തര യോഗം പ്രസിഡന്റ് സാം ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന് മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ ദേഹവിയോഗത്തിൽ അനുശോചിച്ചു.

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു അദ്ദേഹം. 2002 മുതൽ 2007 വരെ ഇന്ത്യയുടെ പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നു. ജീവതത്തിൽ വളരെ എളിമ കാത്തുസൂക്ഷിച്ചിരുന്നു. ജനകീയനായിരുന്ന അദ്ദേഹത്തിന് രാജ്യം ഭാരതരത്ന, പത്മ ഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചിരുന്നു.



ഇല്ലിനോയി മലയാളി അസോസിയേഷന്റെ എല്ലാ ഭാരവാഹികളും അനുശോചന യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. ജോസി കുരിശിങ്കൽ അറിയിച്ചതാണിത്.

## ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസ്

*ഫ്ളോറിഡ:* കുഞ്ഞു മനസുകളിൽ പ്രത്യാശയുടെ അഗ്നി ചിറകുകൾ വിരിയിച്ച ഇന്ത്യയുടെ മുൻ പ്രസിഡന്റുമായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസിന്റെ ഹൃദയാഞ്ജലികൾ നേർന്നു.

ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്ന അബ്ദുൾ കലാം കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ പ്രിയപ്പെട്ടവനായിരുന്നു. രാഷ്ട്രീയ നിലപാടുകൾക്കതീതമായി ഇന്ത്യയെ ഉയരങ്ങളിലേക്കു നയിക്കുവാൻ നടത്തിയ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഫോമ പ്രസിഡന്റ് ആനന്ദൻ നിരവേൽ അനുസ്മരിച്ചു. കലാമിന്റെ നിര്യാണത്തെത്തുടർന്നു കൂടിയ അടിയന്തര കോൺഫറൻസ് കോൾ കമ്മിറ്റിയിലാണു അദ്ദേഹം അനുസ്മരിച്ചത്.

ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിട്ടാണ് അബ്ദുൾ കലാം രാഷ്ട്രപതിഭവനിൽ പ്രവേശിക്കുന്നത്. ഭാരതരത്ന പുരസ്കാരം ലഭിക്കുന്ന മൂന്നാമത്തെ രാഷ്ട്രപതി, രാഷ്ട്രപതി സ്ഥാനത്തെത്തുന്ന ആദ്യത്തെ ശാസ്ത്രജ്ഞൻ എന്നീ വിശേഷണങ്ങൾ കൂടിയുണ്ട് കലാമിന്.

ഫോമക്കു വേണ്ടി പ്രസിഡന്റ് ആനന്ദൻ നിരവേൽ, സെക്രട്ടറി ഷജി എഡ്വേർഡ്, ട്രഷറാർ ജോയി ആന്റണി എന്നിവർ അനുശോചിച്ചു.

വിനോദ് കൊണ്ടൂർ ഡേവിഡ് അറിയിച്ചതാണിത്.

## ഹഡ്സൺ വാലി മലയാളി അസോസിയേഷൻ

*ന്യൂയോർക്ക്:* ഡോ. അബ്ദുൾ കലാമിന്റെ നിര്യാണത്തിൽ ഹഡ്സൺ വാലി മലയാളി അസോസിയേഷൻ അനുശോചിച്ചു. പ്രസിഡന്റ് ഷാജി മോൻ വെട്ടത്തിന്റെ അധ്യക്ഷതയിൽ ജൂലൈ 27നു വൈകുന്നേരം അഞ്ചിന്, നാനുവെറ്റിലെ 13 പെൽഹം അവന്യുവിൽ സമ്മേളിച്ചു. മഹാത്മാ ഗാന്ധിക്കുശേഷം ഭാരതീയർ നെഞ്ചിലേറ്റിയ ഒരു പച്ചമനുഷ്യൻ ആയിരുന്നു അദ്ദേഹം എന്നു ഷാജി മോൻ വെട്ടം അനുസ്മരിച്ചു. സെക്രട്ടറി അലക്സ് ഏബ്രഹാം, ട്രഷറർ ജോൺ ദേവസ്യ, ട്രസ്റ്റി ബോർഡ് ചെയർമാൻ വർഗീസ് ഒലഹന്നാൻ ചെയർമാൻ പോൾ കറുകപ്പിള്ളിൽ, സിഎസ്ഇഎ പ്രസിഡന്റ് തോമസ് നൈനാൻ, മുൻ പ്രസിഡന്റുമാരായ കുര്യാക്കോസ് തരിയൻ, ജോസഫ് കുരിയപ്പുറം, അപ്പുക്കുട്ടൻ നായർ, ജയിംസ് ഇളംപുരയിടത്തിൽ, ഇന്നസന്റ് ഉലഹന്നാൻ, ഫിലിപ്പോസ് ഫിലിപ്പ്, മത്തായി പി. ദാസ്, വിദ്യാജ്യോതി മലയാളം സ്കൂൾ പ്രിൻസിപ്പൽ ജോസഫ് മുണ്ടഞ്ചിറ, കേരള ജ്യോതി ചീഫ് എഡിറ്റർ തമ്പി പനയ്ക്കൽ, മുൻ സെക്രട്ടറി ജയപ്രകാശ് നായർ എന്നിവർ അനുശോചനം അർപ്പിച്ചു സംസാരിച്ചു. ജയപ്രകാശ് നായർ അറിയിച്ചതാണിത്.

# എസ്എൻഡിപി നിലപാട് ആത്മഹത്യാപരം: കോടിയേരി



*തിരുവനന്തപുരം:* ബിജെപിയുമായി കൂട്ടുകൂടാൻ എസ്എൻഡിപി ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്നു സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. അങ്ങനെ സംഭവിച്ചാൽ ആർഎസ്എസ് എസ്എൻഡിപിയെ വിഴുങ്ങുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

മതേതര ജനാധിപത്യത്തിനായാണു ശ്രീനാരായണ ഗുരു നിലകൊണ്ടത്. മതാന്ധത സൃഷ്ടിച്ചു രാജ്യത്തു കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന ആർഎസ്എസിന്റെ ഭാഗമായി പ്രവർത്തിക്കുന്നത് സാധാരണക്കാരായ ശ്രീനാരായണീയർ അംഗീകരിക്കില്ല. സിപിഎമ്മിന്റെ പ്രവർത്തന ശൈലിയുമായി ബന്ധപ്പെട്ടു മുമ്പെങ്ങുമില്ലാത്ത പുതിയ ആരോപണം ഇപ്പോൾ ഉന്നയിക്കുന്നത് എസ്എൻഡിപിയുടെ അണികളിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് അവരെ സിപിഎം വിരുദ്ധ നിലപാടിലേക്ക് തള്ളിവിട്ട് ആർഎസ്എസിലേക്ക് കൊണ്ടുപോകാനാണെന്നും കോടിയേരി പറഞ്ഞു.

# യാക്കൂബ് മേമനെ തൂക്കിലേറ്റി



*നാഗ്പൂർ:* മുംബൈ സ്ഫോടന കേസിലെ പ്രധാന പ്രതി യാക്കൂബ് മേമനെ തൂക്കിലേറ്റി.

വ്യാഴാഴ്ച രാവിലെ 6.38നു നാഗ്പൂർ സെൻട്രൽ ജയിലിലാണ് വധശിക്ഷ നടപ്പിലാക്കിയത്. മേമന്റെ മൃതശരീരം ജയിൽവളപ്പിൽ തന്നെ സംസ്കരിക്കും.

തൂക്കിലേറ്റുന്ന കാര്യത്തിൽ അവസാന നിമിഷം വരെ അവ്യക്തതകൾ തുടർന്നിരുന്നുവെങ്കിലും വ്യാഴാഴ്ച പുലർച്ചെ 4.55നു സുപ്രീംകോടതിയുടെ മൂന്നംഗ ബെഞ്ച് മേമനെ തൂക്കിലേറ്റുവാൻ തടസങ്ങളൊന്നും ഇല്ലെന്നു വിധിക്കുകയായിരുന്നു.

പ്രതിഭാഗത്തിന്റെ വാദങ്ങളും കേട്ട സുപ്രീം കോടതി ബെഞ്ച് മേമന്റെ കാര്യത്തിൽ പുറപ്പെടുവിച്ച മരണവാറണ്ട് റദ്ദാക്കുവാൻ തയാറായില്ല. മേമന് എല്ലാ തരത്തിലുമുള്ള നീതി ഉറപ്പാക്കിയിട്ടുണ്ടെന്നും കോടതി വിധിച്ചു. വധശിക്ഷ നടപ്പിലാക്കുവാൻ തടസങ്ങളില്ലെന്നും കോടതി പറഞ്ഞു. മേമനെ ഇനി കുടുംബാംഗങ്ങളെ കാണുവാൻ അനുവദിക്കേണ്ടെന്നും കോടതി വധിച്ചു. ഇതേ തുടർന്നാണ് നാഗ്പൂർ സെൻട്രൽ ജയിലിൽ യാക്കൂബ് മേമനെ അദ്ദേഹത്തിന്റെ 54-ാം പിറന്നാൾ ദിനം കൂടിയായ വ്യാഴാഴ്ച രാവിലെ തൂക്കിലേറ്റിയത്.

# കേരള ശാസ്ത്ര സർവകലാശാലക്ക് അബ്ദുൾ കലാമിന്റെ പേര്



*തിരുവനന്തപുരം:* കേരള ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്ക് മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരു നൽകി.

കേരളത്തിന്റെ ആദരമെന്ന നിലയ്ക്കാണ് ഈ നടപടി. ശാസ്ത്ര സാങ്കേതിക സർവകലാശാലാ ബിൽ ഇന്നലെ നിയമസഭയിൽ പാസാക്കിയപ്പോൾ ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നാണ് മുൻ രാഷ്ട്രപതിയുടെ പേരു നൽകിയത്. ഇന്നലെ രാവിലെ ശൂന്യവേള തുടങ്ങിയപ്പോൾ തന്നെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിയമസഭയിൽ ഇക്കാര്യം പ്രഖ്യാപിച്ചു. പിന്നീട് ഈ ഭേദഗതി ഉൾപ്പെടുത്തി ബിൽ സഭ പാസാക്കി.

ഇതിനിടെ സർവകലാശാലയുടെ പേരുമാറ്റം പ്രോ വൈസ് ചാൻസലർ പ്രഖ്യാപിച്ചതു നിയമസഭയോടുള്ള അനാദരവാണെന്നു കാട്ടി പ്രതിപക്ഷം ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. പേരു നൽകുന്നതു സംബന്ധിച്ച ബിൽ സഭയുടെ പരിഗണനയിലിരിക്കുമ്പോൾ പിവിസി പുറത്തു പ്രസ്താവന നടത്തിയത് ക്രമവിരുദ്ധമാണെന്നു സ്പീക്കർ എൻ. ശക്തൻ റൂളിംഗ് നൽകി.

For Advertisement Tel: 267-991-2111
CONTACT US

# കസ്തൂരിരംഗൻ റിപ്പോർട്ട്: കേന്ദ്രത്തിന്റെ അന്തിമവിജ്ഞാപനം സെപ്റ്റംബർ ഒമ്പതിനെന്ന് മുഖ്യമന്ത്രി



*തിരുവനന്തപുരം:* കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ അന്തിമ വിജ്ഞാപനം സെപ്റ്റംബർ ഒൻപതിനു പുറപ്പെടുവിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിയമസഭയെ അറിയിച്ചു.

പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി പുനർനിർണയിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയാറായിക്കഴിഞ്ഞു. ഇത് ഇന്നു കേന്ദ്രസർക്കാരിനു സമർപ്പിക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

റിപ്പോർട്ട് സമർപ്പിച്ചശേഷം റിപ്പോർട്ടിൽ ഉൾപ്പെട്ട പരിസ്ഥിതി ലോല പ്രദേശങ്ങളിലെ പത്തു ശതമാനം സ്ഥലങ്ങളിൽ കേന്ദ്ര സംഘമെത്തി പരിശോധന നടത്തും.

അന്തിമ വിജ്ഞാപനത്തോടെ ആശങ്കകൾ പൂർണമായി പരിഹരിക്കപ്പെടും. താമസം, ജീവനോപാധി, കൃഷി, തോട്ടങ്ങൾ എന്നിവയ്ക്കായുള്ള സ്ഥലങ്ങൾ മുഴുവൻ ഒഴിവാക്കും. പുതിയ മാപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ കിഴക്കൻചേരി വില്ലേജിലെ 0.036 ഹെക്ടർ ഭൂമി കൂടി ഒഴിവാക്കിയാണ് 9839.3 ചതുരശ്ര കിലോമീറ്റർ വരുന്ന പരിസ്ഥിതിലോല മേഖലയുടെ മാപ്പ് കേന്ദ്രത്തിനു സമർപ്പിക്കുന്നത്. പുതിയ മാപ്പ് തയാറാക്കിയപ്പോൾ കിഴക്കൻചേരിയിൽ മാത്രമാണ് പരാതിയുണ്ടായിരുന്നത്. അതിനാലാണ് അവിടം ഒഴിവാക്കിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

തണ്ടപ്പേരു രജിസ്റ്ററിൽ വനഭൂമിക്കും വാസഭൂമിക്കും ഒരേ സർവേ നമ്പർ വന്ന പ്രശ്നം നിലവിലുണ്ടെന്നു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. വനഭൂമി മുഴുവൻ ഒഴിവാക്കുന്നു എന്ന നിർദേശം വനം വകുപ്പു കൂടി അംഗീകരിച്ചിട്ടുള്ളതിനാൽ ഇത് ദോഷകരമായി ബാധിക്കില്ല. കേന്ദ്രത്തിനു നൽകുന്ന റിപ്പോർട്ടിൽ ഭൂമിയുടെ സർവേ നമ്പർ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ആശയക്കുഴപ്പം ഉണ്ടാകാനിടയില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സാജു പോൾ, കെ.കെ. ജയചന്ദ്രൻ, കെ. കുഞ്ഞഹമ്മദ് മാസ്റ്റർ, ബി.ഡി. ദേവസി, ജയിംസ് മാത്യു, സണ്ണി ജോസഫ്, ഇ.എസ്. ബിജിമോൾ, റോഷി അഗസ്റ്റിൻ, പി.സി. ജോർജ്, ജോസഫ് വാഴയ്ക്കൻ തുടങ്ങിയവരുടെ ചോദ്യങ്ങൾക്കു മറുപടിയായാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

# ലൈറ്റ് മെട്രോയ്ക്കു മന്ത്രിസഭയുടെ അംഗീകാരം

*തിരുവനന്തപുരം:* തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് (ഡിപിആർ) ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി.

ലൈറ്റ് മെട്രോ പദ്ധതി ഇനി കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് അപേക്ഷിക്കും. കേന്ദ്ര അനുമതിക്കു ശേഷമായിരിക്കും മറ്റു കാര്യങ്ങൾ തീരുമാനിക്കുക.

കൊച്ചി മെട്രോ പദ്ധതി നടപ്പാക്കുന്നതുപോലെ ഡിഎംആർസിയുടെ സേവനം പ്രയോജനപ്പെടുത്തിയാണ് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയും നടപ്പാക്കുന്നത്. 6728 കോടി രൂപയാണ് പദ്ധതിച്ചെലവ്. സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും 20 ശതമാനം വീതം തുക ചെലവാക്കും. പദ്ധതിയുടെ 60 ശതമാനം തുക വായ്പയായിരിക്കും.

കശുവണ്ടി വികസന കോർപറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാൻ 30 കോടി രൂപ കോർപറേഷന് ഉടൻ തന്നെ നല്കുന്നതിനും മന്ത്രിസഭായോഗം തീരുമാനിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരായ 1191 പേരുടെ കടങ്ങൾ എഴുതിത്തള്ളാൻ 10.90 കോടി രൂപ അനുവദിച്ചു. പാനൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ അനുവദിച്ചു. ഇതിന് 60 തസ്തികകളും അനുവദിച്ചിട്ടുണ്ട്.

നാഷണൽ ഇ- ഗവേർണൻസ് പ്ലാൻ അഗ്രികൾച്ചർ പദ്ധതിയിൽ ഡേറ്റ എൻട്രി ഓപ്പറേറ്റർമാരായി പ്രവർത്തിക്കുന്നവരുടെ സേവനം നാളെ മുതൽ ഒരു വർഷത്തേക്കു കൂടി നീട്ടി.

## St.Thomas Indian Orthodox Church
### 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

**1. Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.

**2. Sanctuary:** For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.

**3. Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.

**4. Other Rooms:** Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

# ഇന്ത്യൻ സംഗീതോത്സവത്തിനു ടൊറന്റോയിൽ തിരശീല ഉയരുന്നു




**ജയ് പിള്ള**

*ടൊറന്റോ:* കർണാട്ടിക്, ഹിന്ദുസ്ഥാനി സംഗീതത്തിന്റെ പെരുമ മാറ്റുരക്കുന്ന ഇന്ത്യൻ സംഗീത ഉത്സവത്തിന് ടൊറന്റോ വേദിയാകുന്നു. ഓഗസ്റ്റ് 01 ,02 തിയതികളിൽ രാവിലെ ഒമ്പതു മുതൽ വൈകുന്നേരം പത്തുവരെ സ്കാർബറോ പെരിയ ശിവം ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ഇന്ത്യയിലെയും, കാനഡയിലെയും സംഗീത ലോകത്തെ പ്രമുഖർ പങ്കെടുക്കുന്നു.

വർണ്ണ രാമേശ്വരം ജയദേവൻ, രാജി ഗോപാലകൃഷ്ണൻ, സേലം ശിവം, തിരുവാരൂർ, നെൽവേലി വെങ്കിടേഷ്, കിരൺ ഡൽഹി സായ്‌രാം എന്നിവർ ഉൾപെടുന്ന 40 കലാകാരന്മാർ വേദിയിൽ അണിനിരക്കുന്ന രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ആദ്യ സംഗീത ഉത്സവത്തിനാണു തിരിതെളിയുന്നത്. ഇവരെക്കൂടാതെ കാനഡയിലെ പുതു തലമുറയിലെ കഴിവു തെളിയിച്ച ഇരുപതിൽപ്പരം കുട്ടികളും കച്ചേരി അവതരിപ്പിക്കുന്നുണ്ട്. ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന്റെ വിരുന്നൊരുക്കുന്നതിൽ ജോസ് കറത്തേടത്ത് സഹായ സഹാരണങ്ങൾ ചെയ്തു കൊടുക്കുന്നു. പ്രവേശനം സൗജന്യമാണ്. കർണാട്ടിക്, ഹിന്ദുസ്ഥാനി സംഗീതജ്ഞന്മാരുടെ ഈ അപൂർവ സംഗമത്താൽ, ഇനി വരും നാളുകളിൽ സംഗീതമയമായ ദിനങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. സ്കാർബറൊവിലെ 1148 ബെല്ലമി റോഡിലുള്ള പെരിയ ശിവം ടെമ്പിൾ ഓഡിറ്റോറിയത്തിൽ വച്ചു നടക്കുന്ന പരിപാടിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്: www.torontosangeetholsavam.com / 647 886 7226



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഡാളസ് ഫോർട്ട് വർത്ത് ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് സ്വാതന്ത്ര്യദിനാഘോഷം നടത്തുന്നു



**പി.പി. ചെറിയാൻ**

*ഇർവിംഗ്:* ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് (കേരള) ഡാളസ് ഫോർട്ട് വർത്ത് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു.

ഓഗസ്റ്റ് 15നു വൈകുന്നേരം നാലിന് 1212 സ്റ്റുവർട്ട്, ഇർവിംഗിൽ ഐഎൻഒസി ടെക്സസ് റീജൺ പ്രസിഡന്റ് ബോബൻ കൊടുവത്ത് പതാക ഉയർത്തും. യൂണിറ്റ് പ്രസിഡന്റ് രാജൻ മാത്യു അധ്യക്ഷത വഹിക്കും. ആഘോഷ ചടങ്ങുകൾ വിജയിപ്പിക്കുന്നതിന് രാജു ചാമത്തിൽ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ വിജയിപ്പിക്കുന്നതിന് എല്ലാവരുടേയും സഹകരണവും സാന്നിധ്യവും യൂണിറ്റ് സെക്രട്ടറി ബാബു പി. സൈമൺ അഭ്യർഥിച്ചു.

# വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണഘോഷം ഓഗസ്റ്റ് 29–ന്

*ന്യൂറൊഷേൽ:* വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണഘോഷം ഗ്രീൻബർഗിലുള്ള വുഡ് ലാൻഡ് ഹൈസ്കൂളിൽ (475 West Hartsdale Ave, White Plains, NY 10607) ഓഗസ്റ്റ് 29-നു (ശനിയാഴ്ച) രാവിലെ പതിനൊന്നു മുതൽ വൈകുന്നേരം ആറുവരെ നടത്തപ്പെടും. ഈ വർഷത്തെ ഓണാഘോഷങ്ങളിൽ പ്രശസ്ത സിനിമാതാരങ്ങൾ, കലാ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും.

രാവിലെ 11.30 മുതൽ 1.30 വരെ ഓണസദ്യ, തുടർന്നു പഞ്ചവാദ്യങ്ങളുടെയും, ശിങ്കാരി മേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടുകൂടിയുള്ള മാവേലി മന്നന്റെ എഴുന്നള്ളിപ്പ്, അതിനുശേഷം വിമൻസ് ഫോറത്തിന്റെ തിരുവാതിര, ഗാനമേള, കോമഡി ഷോ, ഡാൻസ് പ്രോഗ്രാംസ് തുടങ്ങിയ പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

ഓണാഘോഷം വിജയപ്രദമാക്കാൻ വെസ്റ്റ്ചെസ്റ്റർ നിവാസികളായ എല്ലാ മലയാളി സഹോദരങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതായി പ്രസിഡന്റ് ശ്രീകുമാർ ഉണ്ണിത്താൻ, വൈസ് പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി ടെറൻസൺ തോമസ്, ട്രഷറർ കെ.കെ. ജോൺസൺ, ജോയിന്റ് സെക്രട്ടറി ആന്റോ വർക്കി, ട്രസ്റ്റി ബോർഡ് ചെയർമാൻ ജെ. മാത്യൂസ്, കോ-ഓർഡിനേറ്റർ ജോയി ഇട്ടൻ, കേരള ദർശനം ചീഫ് എഡിറ്റർ ഗണേഷ് നായർ, വിമൻസ് ഫോറം ചെയർ ഷൈനി ഷാജാൻ എന്നിവർ അറിയിച്ചു.

**ജോസ് കാടാപ്പുറം**

# ഇന്ത്യ പ്രസ്ക്ലബ് കോൺഫറൻസിന് ന്യൂയോർക്കിന്റെ കൈയൊപ്പ്



**ജോസ് കണിയാലി**

*ന്യൂയോർക്ക്:* മാധ്യമ സൗഹൃദത്തിന്റെ പ്രഭവകേന്ദ്രമായ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ആറാമത് കോൺഫറൻസിന് അംബരചുംബികളുടെ നാടിന്റെ കൈയൊപ്പ്.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ആറാമത് ദേശീയ കോൺഫറൻസ് നവംബർ 19, 20, 21 തീയതികളിൽ ഷിക്കാഗോയിലാണു നടക്കുക.

പ്രവാസ മലയാള ജീവിതത്തിന്റെ നടുമുറ്റമെന്നു വിശേഷിപ്പിക്കാവുന്ന ഷിക്കാഗോയിലെ ഗ്ലെൻവ്യൂവിലുള്ള വിൻധം ഹോട്ടലിലാണ് കോൺഫറൻസ് നടക്കുക. ഗവൺമെന്റ് ചീഫ്‌വിപ്പ് തോമസ് ഉണ്ണിയാടൻ എംഎൽ എ, രാജു ഏബ്രഹാം എംഎൽഎ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കുന്ന കോൺഫറൻസിൽ മാധ്യമ രംഗത്തെ പ്രമുഖരായ കേരള മീഡിയ അക്കാഡമി ചെയർമാനും ദീപികയുടെ ലീഡർ റൈറ്ററുമായ സെർജി ആന്റണി, കൈരളി ടിവി എംഡി ജോൺ ബ്രിട്ടാസ്, മനോരമ ഓൺ ലൈൻ കണ്ടന്റ് കോ ഓർഡിനേറ്റർ സന്തോഷ് ജോർജ് ജേക്കബ് എന്നിവരാണു കോൺഫറൻസിലെ സെമിനാറുകൾ നയിക്കുന്നത്.

# ഓണാഘോഷ പരിപാടികൾ

*ഗാർലാൻഡ്:* കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 29നു കാപ്പൽ സെന്റ് അൽഫോൻസ കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ.

ഡാളസ് ഫോർട്ട് വർത്തിലെ എല്ലാ മലയാളികളേയും ഓണാഘോഷ ചടങ്ങിലേക്കു സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് ബാബു സി. മാത്യു, സെക്രട്ടറി റോയ് കൊടുവത്ത് എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ബാബു കണ്ടോത്ത് 469 463 6869

## ഡാളസ് സെന്റ് മേരീസിൽ നൈറ്റ് വിജിൽ ഓഗസ്റ്റ് 14ന്

**പി.പി. ചെറിയാൻ**




*ഡാളസ്:* പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോഹണ തിരുനാളിനോട് അനുബന്ധിച്ച് ഡാളസ് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഓഗസ്റ്റ് 14നു (വെള്ളി) മരിയൻ നൈറ്റ് വിജിൽ നടത്തുന്നു. വൈകുന്നേരം 6.30 മുതലാണ് നൈറ്റ് വിജിൽ.

വിശുദ്ധ കുർബാന, അനുരഞ്ജന ശുശ്രൂഷ, വചന പ്രഭാഷണങ്ങൾ, ആത്മീയ അഭിഷേകം തുളുമ്പുന്ന സ്തുതിപ്പുകൾ, ഹൃദയസ്പർശിയായ ഗാനങ്ങൾ തുടങ്ങിയ അനുഗ്രഹീത ആരാധനകളിൽ പങ്കെടുക്കുവാൻ എല്ലാ മരിയൻ വിശ്വാസികളെയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. ജോസഫ് നെടുമാൻകുഴിയിൽ അറിയിച്ചു. ട്രസ്റ്റി ഫ്രാൻസിസ് ജോർജ്, സെക്രട്ടറി മോൻസി ജോർജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിപാടിയുടെ നടത്തിപ്പിനായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വിവരങ്ങൾക്ക്: സുജൻ എം. കാക്കനാട്ട് 682 564 4182.

## ശങ്കരത്തിൽ കുടുംബസംഗമം ഓഗസ്റ്റ് 22നു ന്യൂയോർക്കിൽ



*ന്യൂയോർക്ക്:* അതിപുരാതനമായ ശങ്കരത്തിൽ കുടുംബത്തിലെ നോർത്ത് അമേരിക്കയിലുള്ള ശങ്കരത്തിൽ കുടുംബാംഗങ്ങളുടെയും, ബന്ധു മിത്രാദികളുടെയും സ്നേഹസംഗമം 2015 ഓഗസ്റ്റ് 22 ശനിയാഴ്ച ന്യൂയോർക്കിലെ ലോംഗ് ഐലൻഡ് സെന്റ് തോമസ് ഓർത്ത ഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് (110 School House Road Levittown, NY 11756 ) കുടുംബയോഗം പ്രസിഡന്റ് റവ. ഡോ. ശങ്കരത്തിൽ യോഹന്നാൻ കോർ എപ്പിസ്കോപ്പയുടെ അധ്യക്ഷതയിൽ നടത്തപ്പെടുന്നു.

കുടുംബാംഗങ്ങളായ വൈദികശ്രേഷ്ഠരുടെയും, വന്ദ്യ വൈദികരുടെയും പ്രാർഥനയോടുകൂടി ആരംഭിക്കുന്ന ഈ സ്നേഹസംഗമത്തിൽ കുടുംബ ചരിത്രപഠനം, ചർച്ചകൾ, വിവിധ കലാ പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. രാവിലെ 8.30-നു വിശുദ്ധ കുർബാന, 10 മുതൽ 11 വരെ രജിസ്ട്രേഷൻ- പ്രഭാതഭക്ഷണം, പതിനൊന്നിനു കുടുംബയോഗം, ഒന്നിനു ഉച്ചഭക്ഷണം തുടർന്ന് ഫോട്ടോ സെഷൻ എന്നിവയാണു പരിപാടികൾ.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്കോപ്പാ (പ്രസിഡന്റ്) 516 850 9213, സജീവ് ശങ്കരത്തിൽ (സെക്രട്ടറി) 267 767 4275, രാജു ശങ്കരത്തിൽ (ട്രഷറാർ) 215 681 9852, യോഹന്നാൻ ശങ്കരത്തിൽ (പി. ആർ. ഒ) 215 778 0162.

## ഓർത്തഡോക്സ് സംയുക്ത ബൈബിൾ കൺവൻഷൻ വൈറ്റ് പ്ലെയിൻസിൽ

*ന്യൂയോർക്ക്:* ബ്രോങ്ക്സ് വെസ്റ്റ്ചെസ്റ്ററിലുള്ള ഓർത്തഡോക്സ് ദേവാലയങ്ങൾ സംയുക്തമായി ഓഗസ്റ്റ് എട്ടു ശനിയാഴ്ച വൈകുന്നേരം 3.30നു വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ് ദേവാലയത്തിൽ (99 Park Avenue White Plains, NY 10603) ബൈബിൾ കൺവൻഷൻ നടത്തുന്നു.

പ്രശസ്ത സുറിയാനി ഭാഷാപണ്ഡിതനും എഴുത്തുകാരനും വാഗ്മിയുമായ ഫാ. സ്കറിയാ നൈനാൻ ബൈബിൾ സന്ദേശം നൽകും. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമുള്ള പ്രത്യേകം ക്ലാസ് ഫാ.ഏബ്രഹാം ജോർജ് (എബി ജോർജ്) നൽകും. - **ഷൈനി ഷാജൻ**

## കെഎച്ച്എൻഎയുടെ ഡാളസ് സമ്മേളനം മറ്റൊരു നാഴികക്കല്ല്



**പി. ശ്രീകുമാർ**

*ഡാളസ്:* അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ സാംസ്കാരികവും മതപരവുമായ ഉന്നമനം, കേരള പാരമ്പര്യവും സംസ്കാരവും യുവതലമുറയിൽ നിലനിർത്തൽ, വ്യാവസായിക സാമൂഹിക രംഗത്ത് പരസ്പര സഹകരണം കെട്ടിപ്പെടുക്കൽ, ശക്തമായ ഒരു ആത്മീയ നേതൃത്വം വളർത്തിയെടുക്കൽ, മാധവസേവ മാനവസേവ എന്ന സനാതനതത്വം പ്രാവർത്തികമാക്കൽ തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യത്തിലൂടെ പ്രയാണം നടത്തുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക എന്ന കെഎച്ച്എൻഎയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലിനാണ് ഡാളസ് സാക്ഷ്യം വഹിച്ചത്.

സംഘടന പിറന്ന മണ്ണിൽ ഒന്നരപ്പതിറ്റാണ്ടിനു ശേഷം ദേശീയ കൺവെൻഷൻ എത്തിയപ്പോൾ അതിനെ സംഘടിത ഹൈന്ദവ ശക്തിയുടെ നേർക്കാഴ്ചയാക്കി മാറ്റാൻ സംഘാടകർക്ക് കഴിഞ്ഞു.

പ്രസിഡന്റ് ടി.എൻ. നായർ, സെക്രട്ടറി ഗണേഷ്നായർ, ട്രഷറർ രാജു പിള്ള, ചെയർമാൻ റനിൽ രാധാകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനമായിരുന്നു ഡാളസ് കൺവെൻഷനായി നടത്തിയത്. അഞ്ചു ദിവസത്തെ കൺവെൻഷൻ കുളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരിയാണ് ഉദ്ഘാടനം ചെയ്തത്. ജീവനകലയുടെ ആചാര്യൻ ശ്രീ ശ്രീ രവിശങ്കറിന്റെ സാന്നിധ്യമായിരുന്നു കൺവെൻഷന്റെ മറ്റൊരു പ്രത്യേകത. കേരളം ആദിശങ്കരനെ കൂടുതൽ അറിയണമെന്ന് ശ്രീ ശ്രീ രവിശങ്കർ ആവശ്യപ്പെട്ടു. ആദി ശങ്കരന്റെ ജീവിതത്തെക്കുറിച്ചും അദ്ദേഹം സനാതന ധർമ്മത്തിന് നൽകിയ സംഭാവനയെക്കുറിച്ചും വേണ്ടത്ര പഠനങ്ങൾ ഇല്ല. ഭാരതീയ സംസ്കാരത്തെ ഇത്രയേറെ പ്രോജ്ജ്വലമാക്കിയ മറ്റൊരു വ്യക്തിത്വമില്ല. ശാസ്ത്രവുമായി വളരെ അടുത്തു നിൽക്കുന്ന വേദത്തെ ഭാരതമണ്ണിൽ ഉറപ്പിക്കുന്നതിൽ ശങ്കരാചാര്യർക്ക് വലിയ പങ്കായിരുന്നു ഉണ്ടായിരുന്നത്. വിഷുക്കണി, നിറപറ തുടങ്ങിയ അനുഷ്ഠാനങ്ങൾ കേരളത്തിന്റേതാണ്. ഇത്തരം അനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും ആഴത്തിലും തത്വചിന്താപരമായും വിശദീകരണം നൽകാൻ നമുക്ക് കഴിയണം. രവിശങ്കർ പറഞ്ഞു.

ഹിന്ദു ഐക്യവേദി ജനറൽ സെക്രട്ടറി കുമ്മനം രാജശേഖരന്റെ സാന്നിധ്യം സംഘടനയ്ക്കും സംഘാടകർക്കും പുത്തൻ ദിശാബോധം നൽകുന്നതായി. ശിവഗിരി മഠത്തിലെ സ്വാമി ഗുരുപ്രസാദ്, നോവലിസ്റ്റ് സി. രാധാകൃഷ്ണൻ, രാജു നാരായണസ്വാമി ഐഎഎസ്, ജന്മഭൂമി ന്യൂസ് എഡിറ്റർ പി.ശ്രീകുമാർ, ജനം ടിവി എംഡി പി.വിശ്വരൂപൻ, സപ്താഹാചാര്യൻ മണ്ണടി ഹരി, രാഹുൽ ഈശ്വർ, ഡോ എൻ.പി.പി. നമ്പൂതിരി, ഡോ. ജയനാരായണൻ എന്നിവർ കേരളത്തിൽ നിന്ന് ക്ഷണിതാക്കളായി എത്തിയിരുന്നു.

വാദ്യഘോഷത്തിന്റെ അകമ്പടിയോടെ കേരളീയ വേഷം ധരിച്ച നൂറുകണക്കിനാളുകൾ പങ്കെടുത്ത നയനമനോഹരമായ ശോഭായാത്രയ്ക്കു ശേഷമായിരുന്നു ഉദ്ഘാടനച്ചടങ്ങ്. ഇരുനൂറോളം പേർ പങ്കെടുത്ത സമൂഹ തിരുവാതിര വേറിട്ട കാഴ്ചയായി. പൊതുസമ്മേളനം, വിശിഷ്ടാതിഥികളുടെ പ്രഭാഷണം, സാംസ്കാരിക സമ്മേളനങ്ങൾ, സെമിനാറുകൾ, കലാപരിപാടികൾ, ചർച്ചകൾ തുടങ്ങിയവ കൺവെൻഷന്റെ ഭാഗമായി നടന്നു. വിഷ്ണു സഹസ്രനാമത്തോടും, യോഗ, മെഡിറ്റേഷൻ എന്നിവയോടുകൂടിയായിരുന്നു ഓരോ ദിവസത്തേയും പരിപാടികൾ ആരംഭിച്ചത്. അടുത്ത ദേശീയ കൺവെൻഷൻ 2017ൽ ഡിട്രോയിറ്റിലാണ് നടക്കുക. അതിനായി സുരേന്ദ്രൻനായർ (പ്രസിഡന്റ്) രാജേഷ് കുട്ടി (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതിയേയും തെരഞ്ഞെടുത്തു.

## കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി ഓണാഘോഷം ഓഗസ്റ്റ് 30ന്

*ന്യൂജേഴ്സി:* അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാൻജ്) ഓണാഘോഷം ഓഗസ്റ്റ് 30ന്.

മോണ്ട്ഗോമ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തുന്ന ഓണാഘോഷത്തിൽ പഞ്ചവാദ്യ മേളങ്ങളുടേയും താലപ്പൊലിയേന്തിയ യുവതികളുടെയും ബാലികമാരുടേയും അകമ്പടിയോടെ മാവേലി മന്നന്റെ എഴുന്നള്ളത്തും പുലികളി അടക്കം വിവിധ തനതു കേരള കലാരൂപങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഘോഷയാത്രയും ഉണ്ടായിരിക്കും.

രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സിനിമ രംഗങ്ങളിലെ പ്രശസ്തർ പങ്കെടുക്കുന്ന പൊതു സമ്മേളനത്തിനുശേഷം നടക്കുന്ന വിവിധ കലാപരിപാടികളിൽ അമേരിക്കയിലെയും കേരളത്തിലെയും കഴിവുറ്റ കലാകാരന്മാർ പങ്കെടുക്കുന്നു. പ്രശസ്ത ഗായകർ ചേർന്നൊരുക്കുന്ന സംഗീത സായാഹ്നം ഓണാഘോഷത്തിനു മാറ്റു കൂട്ടും.

കാൻജ് മാസ്റ്റർ പീസ് അത്തപ്പൂക്കളം, തിരുവാതിര തുടങ്ങിയ നിരവധി പരിപാടികൾ ഇത്തവണയും ഉണ്ടായിരിക്കും.

വെള്ളിയാഴ്ച എഡിസൺ ഹോട്ടലിൽ കാൻജ് പ്രസിഡന്റ് ജയ് കുളമ്പിൽ ഓണം കൺവീനർ അജിത് ഹരിഹരൻ, കോ കൺവീനേഴ്സ് ജിനേഷ് തമ്പി, ജിനു അലക്സ്, തോമസ് ജോർജ്, ട്രസ്റ്റി ബോർഡ് ചെയർമാൻ സജി പോൾ, സെക്രട്ടറി സ്വപ്ന രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ഓണം പ്രോഗ്രാമിന്റെ ടിക്കറ്റ് കിക്ക് ഓഫ് ചടങ്ങിൽ ദിലീപ് വർഗീസ്, ജേക്കബ് കുര്യാക്കോസ്, അനിയൻ ജോർജ്, സുനിൽ ട്രൈസ്റ്റാർ, രാജു പള്ളത്ത്, മധു രാജൻ തുടങ്ങിയ പ്രമുഖർ ടിക്കറ്റുകൾ ഏറ്റുവാങ്ങി ഓണാഘോഷങ്ങൾക്കു തുടക്കം കുറിച്ചു.

കാൻജ് ട്രസ്റ്റി ബോർഡ് മെംബർ ജിബി തോമസ്, ആനി ജോർജ്, മാലിനി നായർ, ജോസ് വിളയിൽ, സ്മിത മനോജ്, മുൻ പ്രസിഡന്റ് ജോയ് പണിക്കർ, കെഎസ്എൻജെ പ്രസിഡന്റ് ബോബി തോമസ്, ഹരി കുമാർ രാജൻ, സണ്ണി വാലിപ്ലാക്കൽ, ജോൺ, ജോസ് തേൻപ്ലാക്കൻ, ആനി ലിബു, ജോസ് ഏബ്രഹാം, ജിതേഷ് നമ്പ്യാർ, ഷീല ശ്രീകുമാർ, രാജൻ ചീരൻ, ഷിറാസ് യുസഫ്, സോഫി, തങ്കമണി അരവിന്ദൻ, സോബിൻ, ജോൺ മാർട്ടിൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക-ഷിക്കാഗോ ദേശീയ സമ്മേളനം




**പി.പി. ചെറിയാൻ**

*ഡാളസ്:* ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക-ഷിക്കാഗോ ദേശീയ സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്ന പ്രത്യേക ചടങ്ങിൽ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് വെബ് സൈറ്റിന്റെ ഉദ്ഘാടനം പ്രമുഖ മാധ്യമ പ്രവർത്തകൻ ജോൺ ബ്രിട്ടാസ് നിർവഹിക്കുമെന്നു ചാപ്റ്റർ പ്രസിഡന്റ് ജോസ് പ്ലാക്കാട്ട് അറിയിച്ചു.

ഷിക്കാഗോ ദേശീയ സമ്മേളനം വിജയിപ്പിക്കുന്നതിനു ഡാളസ് ഫോർട്ട് വർത്തിൽ നിന്നു പ്രവർത്തകർ സജീവമായി രംഗത്തിറങ്ങണമെന്നും പ്രസിഡന്റ് ജോസ് പ്ലാക്കാട്ട് അഭ്യർഥിച്ചു.

## ജോയി കുറ്റിയാനി ഫോമ കൺവൻഷൻ നാഷണൽ കോ-ഓർഡിനേറ്റർ

**വിനോദ് കൊണ്ടൂർ ഡേവിഡ്**



*മയാമി:* പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സംഘടനാ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസിന്റെ (ഫോമ) 2016 ജൂലൈ ആറ്, ഏഴ്, എട്ട് തീയതികളിൽ മയാമിയിലെ ഡീയുവില്ലേ ബീച്ച് റിസോർട്ടിൽ നടക്കുന്ന കൺവൻഷനു ചുക്കാൻ പിടിക്കാൻ കൺവൻഷന്റെ നാഷണൽ കോ-ഓർഡിനേറ്ററായി ജോയി കുറ്റിയാനിയെ ഫോമ കമ്മിറ്റി തെരഞ്ഞെടുത്തു.

ദേശീയ തലത്തിൽ ശ്രദ്ധേയമായ നിരവധി പദ്ധതികളും പരിപാടികളും വിജയകരമാക്കി ഇദ്ദേഹം കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ മുൻ പ്രസിഡന്റും ദേശീയ, പ്രാദേശിക സംഘടനകളിൽ നിസ്വാർഥ സേവനം ചെയ്ത കഴിവുറ്റ സംഘാടകനും തികഞ്ഞ ഓർഗനൈസറുമാണെന്നു തെളിഞ്ഞിട്ടുണ്ട്.

2012ൽ കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ പ്രസിഡന്റായിരുന്നപ്പോൾ കേരള സമാജത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ-അമേരിക്കൻ കമ്യൂണിറ്റിയെ ഒരുമിച്ചു ചേർത്ത് ഡേവി നഗരസഭയുടെ ഫാൽക്കൺലിയ പാർക്കിൽ അമേരിക്കയിലെ ഏറ്റവും വലിയ ഗാന്ധിസ്ക്വയർ നിർമാണത്തിനു നേതൃത്വം നൽകുകയും അന്തരിച്ച ഇന്ത്യയുടെ മുൻ പ്രസിഡന്റായ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഉദ്ഘാടനം നിർവഹിച്ച് രാഷ്ട്രത്തിനു സമർപ്പിക്കുകയും ചെയ്തിരുന്നു.

കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എറണാകുളം ജില്ലയിൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഇന്ത്യ ഗവൺമെന്റിന്റെ ജനറോം പദ്ധതിയുമായി സഹകരിച്ച് 75 കുടുംബങ്ങൾക്ക് വീടു നിർമിച്ചു നൽകിയ പദ്ധതിയുടെ ചീഫ് കോ-ഓർഡിനേറ്ററായും ഷിക്കാഗോ സീറോ മലബാർ രൂപത അല്മായ സംഘടനയായ എസ്എംസിസി ആഭിമുഖ്യത്തിൽ കേരളത്തിലെ നിർധനരായ ആയിരം പേർക്ക് തിമിരരോഗ ശസ്ത്രക്രിയ നടത്തുന്നതിനുള്ള കണ്ണും കണ്ണാടിയും എന്ന പദ്ധതിയുടെ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സീറോ മലബാർ കാത്തലിക് രൂപത കൺവൻഷന്റെ നടത്തിപ്പിനും നേതൃത്വം നൽകിയിട്ടുണ്ട്.

ഫ്ളോറിഡ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമത്തിലും അറ്റ്ലാന്റിക് യൂണിവേഴ്സിറ്റിയിൽനിന്ന് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിലും ബിസിനസ് അഡ്മിനിസ്ട്രേഷനിലും മാസ്റ്റേഴ്സ് ബിരുദം നേടിയ കുറ്റിയാനി ബ്രോവാർഡ് കൗണ്ടി ജുഡീഷൽ സിസ്റ്റത്തിന്റെ ഭാഗമായ ബ്രോവാർഡ് കൗണ്ടി ക്ലാർക്ക് ഓഫ് കോർട്ടിന്റെ ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റിൽ എപ്ലോയി ട്രെയിനിംഗ് കോ-ഓർഡിനേറ്ററായി സേവനം ചെയ്യുന്നു.

കുറ്റിയാനിയുടെ പുതിയ സ്ഥാനലബ്ധി ഫോമ കൺവൻഷന് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് പ്രസിഡന്റ് ആനന്ദൻ നിരവേലി, സെക്രട്ടറി ഷാജി എഡ്വേർഡ്, ട്രഷറർ ജോയി ആന്റണി, കൺവൻഷൻ ചെയർമാൻ മാത്യു വർഗീസ് എന്നിവർ അഭിപ്രായപ്പെട്ടു.

## കർഷകശ്രീ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

*ന്യൂയോർക്ക്:* മലയാളി അസോസിയേഷൻ ഓഫ് റോക്ക്ലാന്റ് കൗണ്ടി (മാർക്ക്) 2015ലേക്കുള്ള കർഷകശ്രീ അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. റോക്ക്ലാന്റ് കൗണ്ടി നിവാസികളായ എല്ലാവർക്കും ഇതിൽ സംബന്ധിക്കാവുന്നതാണ്. അപേക്ഷകൻ മാർക്കിന്റെ മെമ്പറും, സ്വന്തമായി പച്ചക്കറി തോട്ടം ഉള്ള ആളും ആയിരിക്കണം. കൃഷിയിടത്തിന്റെ വലിപ്പം, വിവിധയിനം വിളകളുടെ മികവ് എന്നിവ അടിസ്ഥാനമാക്കിയാണു വിജയികളെ നിശ്ചയിക്കുന്നത്.

മത്സരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ സ്വന്തം പച്ചക്കറി തോട്ടത്തിന്റെ രണ്ട് ഫോട്ടോ സഹിതം ഓഗസ്റ്റ് 25-നു മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷാഫോറം അസോസിയേഷന്റെ വെബ് സൈറ്റിൽ (marcny.org) ലഭ്യമാണ്. അപേക്ഷ അയയ്ക്കേണ്ട വിലാസം: The Co-ordinator, Karshaksaree Award, MARC P.O . Box 27, Valley Cottage, N.Y 10989 . കൂടാതെ contact@marcny.org എന്ന ഇമെയിലിൽ കൂടിയും അപേക്ഷ അയയ്ക്കാവുന്നതാണ്.

അസോസിയേഷൻ നിശ്ചയിക്കുന്ന ഒരു ജഡ്ജിംഗ് പാനൽ അപേക്ഷകനെ മുൻകൂട്ടി അറിയിച്ചശേഷം വിളകൾ സന്ദർശിക്കുന്നതാണ്. വിജയികളെ പ്രശംസാ ഫലകവും കാഷ് അവാർഡും നൽകി ആദരിക്കുന്നതാണ്. ഒന്നാമത്തെ വിജയിക്ക് മാർക്കിന്റെ എവർറോളിംഗ് ട്രോഫിയും നൽകുന്നതാണ്. സെപ്റ്റംബർ അഞ്ചു ശനിയാഴ്ച നടക്കുന്ന ഈവർഷത്തെ ഓണാഘോഷ പരിപാടികളോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിലാണ് കർഷകശ്രീ അവാർഡുകൾ നൽകുക. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ മാർക്കിന്റെ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണെന്ന് സംഘാടകർ അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: തോമസ് അലക്സ് (845 893 4301), വിൻസെന്റ് ജോൺ (845 893 0507), ജോസ് അക്കക്കാട്ട് (845 461 1052), ജിജോ ആന്റണി (845 358 3503), സന്തോഷ് വർഗീസ് (201 345 9247). തോമസ് അലക്സ് അറിയിച്ചതാണിത്.

## ലാന നാഷണൽ കൺവൻഷൻ ഡാളസിൽ





*ഡാളസ്:* ലിറ്റററി അസോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ പത്താമത് നാഷണൽ കൺവെൻഷൻ ഡാളസിലുള്ള ഏട്രിയം ഹോട്ടൽ & സ്യൂട്ട്സിൽ വച്ചു 2015 ഒക്ടോബർ 30, നവംബർ ഒന്ന് തീയതികളിൽ നടത്തുന്നതാണ്. വടക്കേ അമേരിക്കയിലുള്ള മലയാളി എഴുത്തുകാരുടെ ഏക ദേശീയ സംഘടനയാണ് ലാന. മലയാളികൾ തിങ്ങിപ്പാർക്കുന്ന ഡാളസിൽ വച്ചുള്ള കൺവെൻഷൻ ഒരു ചരിത്ര സംഭവമാക്കുവാനുള്ള തിരക്കിലാണ് ഡാളസിലുള്ള എഴുത്തുകാർ. ചിക്കാഗോയിൽ നിന്നുള്ള ഷാജൻ ആനിത്തോട്ടം പ്രസിഡന്റായും ഡാളസിൽ നിന്നുള്ള ജോസ് ഓച്ചാലിൽ സെക്രട്ടറിയായും ന്യൂയോർക്കിൽനിന്നുള്ള ജെ. മാത്യൂസ് ഖജാൻജിയായുമുള്ള ലാന നാഷണൽ കമ്മറ്റിയാണ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

വടക്കേ അമേരിക്കയിൽ നിന്നും കേരളത്തിൽ നിന്നും കൂടാതെ ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്നുമുള്ള പ്രഗത്ഭരായ ധാരാളം എഴുത്തുകാർ ഈ കൺവെൻഷനിൽ പങ്കെടുക്കുന്നതാണ്. രണ്ടു വർഷങ്ങളിൽ ഒരിക്കൽ നടക്കുന്ന മഹത്തായ നാഷണൽ കൺവെൻഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള എഴുത്തുകാർ മുൻകൂട്ടി തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഡാളസിലെ അമേരിക്കൻ മലയാളികളുടെയിടയിൽ വളരെക്കാലമായി സജീവമായി പ്രവർത്തിക്കുന്ന കേരള ലിറ്റററി സൊസൈറ്റി ഓഫ് ഡാളസ് (കെഎൽഎസ്) ആണ് ഈ വർഷത്തെ ലാന കൺവെൻഷന് ആതിഥേയത്വം വഹിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ലാന സെക്രട്ടറി ജോസ് ഓച്ചാലിലു(469 363 5642)മായോ കെ.എൽ.എസ്. നേതാക്കളായ എബ്രഹാം തെക്കേമുറി(469 222 5521), ജോസൻ ജോർജ് (469 767 3208) എന്നിവരുമായോ ബന്ധപ്പെടാവുന്നതാണ്.

## ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ ഓണാഘോഷവും വടംവലി മത്സരവും: കമ്മറ്റി രൂപീകരിച്ചു

**മാത്യു തട്ടാമറ്റം**

*ഷിക്കാഗോ:* 2015 സെപ്റ്റംബർ ഏഴിനു നടക്കുന്ന ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ ഓണാഘോഷവും മൂന്നാമതു വടം വലി മത്സരവും ബെന്നി കളപ്പുര, ബിനു കൈതക്കതൊട്ടിൽ എന്നിവർ കൺവീനർമാരായുള്ള വിപുലമായ കമ്മിറ്റിക്കു രൂപം കൊടുത്തു. മണി കരികുളം (ഫൈനാൻസ്), ബൈജു കുന്നേൽ (പ്രോഗ്രാം ഔട്ട്ഡോർ), റ്റോമി ഇടത്തിൽ (ഫുഡ്), മനോജ് അമ്മായികുന്നേൽ (റിസെപ്ഷൻ), തമ്പിച്ചൻ ചെമ്മാച്ചേൽ (ഫെസിലിറ്റി), അനിൽ മറ്റത്തിൽകുന്നേൽ (വീഡിയോ), ജോസ് മണക്കാട്ട് (എന്റർടെയ്മെന്റ്), അഭിലാഷ് നെല്ലാമംറ്റം (രജിസ്ട്രേഷൻ), മാത്യു തട്ടാമറ്റം (പബ്ലിസിറ്റി) എന്നിവർ വിവിധ കമ്മറ്റികൾക്കു നേതൃത്വം കൊടുക്കും.

സെപ്റ്റംബർ ഏഴാം തീയതി (തിങ്കളാഴ്ച) ഉച്ചയ്ക്ക് ഒന്നു മുതൽ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ പള്ളി മൈതാനിയിൽ ആരംഭിക്കുന്ന വടംവലി മത്സരത്തോടുകൂടി ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ മൂന്നാമത് ഓണാഘോഷത്തിനു തുടക്കം കുറിക്കും. നോർത്ത് അമേരിക്കയിലെ കരുത്തൻമാരായ മലയാളികളെ കോർത്തിണക്കിക്കൊണ്ടു നടത്തുന്ന മത്സരത്തിന്റെ പ്രത്യേകത വെയ്റ്റ് അടിസ്ഥാനത്തിൽ ആണെന്നുള്ളതാണ്. (7പേർ 1400 എൽബി).

ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിനു ഗ്യാസ് ഡിപ്പോ ഓയിൽ കമ്പനി സ്പോൺസർ ചെയ്യുന്ന 3001 ഡോളറും, നെടിയകാലായിൽ മാണി മെമ്മോറിയിൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സ്ഥാനം ജയിസ് പറ്റാപതിയിൽ സ്പോൺസർ ചെയ്യുന്ന 2001 ഡോളറും, പി.എ ജോൺ പറ്റാപതിയിൽ മെമ്മോറിയിൽ എവർറോളിംഗ് ട്രോഫിയും, മൂന്നാം സ്ഥാനം കുളങ്ങര ഫാമിലി സ്പോൺസർ ചെയ്യുന്ന 1001 ഡോളറും, രാജു കുളങ്ങര മെമ്മോറിയിൽ എവർറോളിംഗ് ട്രോഫിയും, ബെസ്റ്റ് കോച്ചിനു മാത്യു തട്ടാമറ്റം സ്പോൺസർ ചെയ്യുന്ന 151 ഡോളറും, റ്റി.എ ചാക്കാ തട്ടാമറ്റത്തിൽ മെമ്മോറിയിൽ ട്രോഫിയും നൽകുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ കൺവീനർമാരായ ബെന്നി കളപ്പുര (8475280 492), ബിനു കൈതക്കതൊട്ടി (1 773 544 1975), സാജു കണ്ണമ്പള്ളി (പ്രസിഡന്റ് 1 847 791 1824), ജോയി നെല്ലാമറ്റം (സെക്രട്ടറി 847 309 0459), അഭിലാഷ് നെല്ലാമറ്റം (രജിസ്ട്രേഷൻ 1 224 388 4530) എന്നിവരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വടംവലി മത്സരത്തിനുശേഷം ഏഴു മുതൽ സാബു എലവങ്കലിന്റെ നേതൃത്വത്തിലുള്ള ചെണ്ട മേളത്തോടുകൂടിയുള്ള മാവേലിമന്നൻ എഴിന്നള്ളിപ്പും, നൂതന കലാപരിപാടികളും തുടർന്ന് ഓണ സദ്യയോടും കൂടി പരിപാടികൾ അവസാനിക്കും.

## ഷിക്കാഗോ മലയാളി അസോസിയേഷൻ വിദ്യാഭ്യാസ പ്രതിഭാപുരസ്കാരം: തീയതി നീട്ടി

*ഷിക്കാഗോ:* ഷിക്കാഗോ മലയാളി അസോസിയേഷൻ ഈ വർഷം ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളിൽനിന്നു വിദ്യാഭ്യാസ പ്രതിഭാപുരസ്കാരത്തിന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനങ്ങളുടെ ആവശ്യ പ്രകാരം 2015 ഓഗസ്റ്റ് അഞ്ചു വരെ നീട്ടി. ഈ വർഷം ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളുടെ മാതാപിതാക്കൾ ഷിക്കാഗോ മലയാളി അസോസിയേഷൻ നിലവിലുള്ള അംഗങ്ങൾ ആണെങ്കിൽ ഈ പുരസ്കാരത്തിന് അപേക്ഷിക്കാവുന്നതാണ്.

തൊമ്മൻ പൂഴിക്കുന്നേൽ (ചെയർമാൻ), ടോമി അംബേനാട്ട്, ബിജി സി. മാണി, ജിമ്മി കണിയാലി എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി ആണ് ഈ പുരസ്കാരത്തിന്റെ കാര്യങ്ങൾ ക്രോഡീകരിക്കുന്നത്. സാബു നടുവീട്ടിൽ സ്പോൺസർ ചെയ്ത ഉതുപ്പാൻ നടുവീട്ടിൽ മെമ്മോറിയൽ സ്കോളർഷിപ്പും പ്രശംസാപത്രവും പുരസ്കാര ജേതാവിന് ഓഗസ്റ്റ് 29 നു ( Maine East High School) നടക്കുന്ന ഓണാഘോഷ പരിപാടികളുടെ അവസരത്തിൽ സമ്മാനിക്കും.

എസിടിയുടെ മാർക്ക്, ഹൈസ്കൂൾ ജിപിഎ എന്നിവ കൂടാതെ മറ്റെല്ലാതരത്തിലും ഉള്ള പ്രവർത്തനങ്ങളും (Etxra Curricular Activities), സാമൂഹ്യ സേവന പ്രവർത്തനങ്ങളും, മറ്റു കലാ- സാംസ്കാരിക കഴിവുകളും അവലോകലനം ചെയ്തതിനു ശേഷം ആയിരിക്കും പുരസ്കാര ജേതാവിനെ നിർണയിക്കുന്നത്

ഈ വിദ്യാഭ്യാസ പ്രതിഭാപുരസ്കാരത്തിന്റെ അപേക്ഷ ഫോറവും വിശദ വിവരങ്ങളും ചിക്കാഗോ മലയാളി അസോസിയേഷൻ വെബ്സൈറ്റിൽ (www.chic agomal ayaleeassociation.org) ലഭിക്കും.

ജിമ്മി കണിയാലി അറിയിച്ചതാണിത്.

## ഷിക്കാഗോ സെന്റ് മേരീസ് ദേവാലയത്തിന്റെ ഫണ്ട് റെയ്സ് പ്രോഗ്രാം

**ജോണിക്കുട്ടി ജോസഫ്**

*ഷിക്കാഗോ:* സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിന്റെ ധനശേഖരണാർഥം സെപ്റ്റംബർ 18ന് വൈകുന്നേരം ഏഴിനുകോപ്പർ നിക്കസ് തിയറ്ററിൽ നടത്തുന്ന ജയറാം ഷോയുടെ ആദ്യ ടിക്കറ്റ് വില്പന വിജയമായി.

ജൂലൈ 19നു രാവിലെ 10നു വിശുദ്ധ കുർബാനയ്ക്കുശേഷം പാരിഷ് ഹാളിൽ നടന്ന വാശിയേറിയ ലേലത്തിൽ സണ്ണി-വത്സ തെക്കേപ്പറമ്പിൽ 500 ഡോളറിനു ആദ്യ ടിക്കറ്റ് കരസ്ഥമാക്കി. സാജു കണ്ണമ്പള്ളിൽ, സജി പുതൃുക്കയിൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ലേലത്തിൽ നിരവധി പേർ പങ്കെടുത്തു. ലേലത്തിൽ പങ്കെടുത്തവർക്ക് വികാരി ഫാ. തോമസ് മുളവനാൽ നന്ദി പറഞ്ഞു.

ഫണ്ട് റെയ്സിംഗ് കമ്മിറ്റി ചെയർമാൻ പോൾസൺ കുളങ്ങരയും മറ്റു ഫണ്ട് റെയ്സിംഗ് കമ്മിറ്റി അംഗങ്ങളും പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളും പരിപാടികൾക്കു നേതൃത്വം നൽകി.

## ഷിക്കാഗോ ക്നാനായ കത്തോലിക്കാ ഫൊറോനായിൽ ബൈബിൾ ഫെസ്റ്റിവൽ സെപ്റ്റംബർ 12ന്

*ഷിക്കാഗോ:* ഷിക്കാഗോ സെന്റ് തോമസ് രൂപതയുടെ കീഴിലുള്ള ക്നാനായ റീജണിന്റെ ആഭിമുഖ്യത്തിൽ ഷിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനായുടെ ആഭിമുഖ്യത്തിൽ ആദ്യമായി ബൈബിൾ ഫെസ്റ്റിവൽ നടത്തപ്പെടുന്നു.

ഷിക്കാഗോ സെന്റ് മേരീസ് ദേവാലയത്തിൽ സെപ്റ്റംബർ 12-നു (ശനിയാഴ്ച) രാവിലെ ഒമ്പതു മുതൽ വൈകിട്ട് ഒമ്പതുവരെ നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കോട്ടയം രൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടത്തുന്ന വിശുദ്ധ ബലിയോടുകൂടി ഫൊറോനാ ഫെസ്റ്റിവലിനു തുടക്കമാകും. വിശുദ്ധ കുർബാനക്കൊപ്പം ഏഞ്ചൽസ് മീറ്റ്, ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്ന ചടങ്ങ് എന്നിവ നടക്കും. തുടർന്ന് വിവിധ പ്രായത്തിലുള്ള ആളുകൾക്കുവേണ്ടി വിവിധതരം മത്സരങ്ങൾ അരങ്ങേറും. അതോടൊപ്പം പിതാവുമായി നേരിട്ടുള്ള ചർച്ചകൾക്കും അവസരമുണ്ടായിരിക്കുന്നതാണ്. വൈകുന്നേരം അഞ്ചിനു ഷിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് നയിക്കുന്ന ആരാധനയെത്തുടർന്ന് സമാപന സമ്മേളനവും വിവിധ ഇടവകളുടെ നേതൃത്വത്തിൽ കലാസന്ധ്യയും നടത്തപ്പെടുന്നു. ഷിക്കാഗോ സേക്രഡ് ഹാർട്ട്, ഷിക്കാഗോ സെന്റ് മേരീസ്, ഡിട്രോയിറ്റ് സെന്റ് മേരീസ് എന്നീ ഇടവകകളും, മിനിസോട്ടാ, കാനഡാ എന്നീ മിഷനുകളും സംയുക്തമായിട്ടാണ് ഈ പരിപാടികൾ സംഘടിപ്പിക്കുന്നത്.

മത്സരങ്ങളുടെ ക്രമീകരണങ്ങളും, നിയമങ്ങളും അടങ്ങിയ സർക്കുലർ, എല്ലാ ഇടവകളിലും, മിഷനുകളിലും ലഭ്യമായിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓഗസ്റ്റ് 15-നു മുൻപായി രജിസ്റ്റർ ചെയ്യണമെന്നു ജനറൽ കൺവീനർ റ്റോണി പുല്ലാപ്പള്ളി അറിയിച്ചു.

## വെർജിനിയായിൽ ഒമ്പതാമത് മലങ്കര കത്തോലിക്ക കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ

**മോഹൻ വർഗീസ്**



*വെർജീനിയ:* അമേരിക്കയിലെ മലങ്കര സമൂഹങ്ങളുടെ ഔദ്യോഗിക രൂപവത്കരണത്തിനുശേഷം നടക്കുന്ന ഒമ്പതാമത് കൺവൻഷൻ ഓഗസ്റ്റ് ആറു മുതൽ ഒമ്പതു വരെ വെർജീനിയായിലെ ലിസ്ബർഗ് നാഷണൽ കോൺഫറൻസ് സെന്ററിൽ നടക്കും.

മലങ്കര കത്തോലിക്ക സഭയുടെ പൈതൃകവും സാംസ്കാരിക മൂല്യങ്ങളും അമേരിക്കയുടെ തനതായ സാംസ്കാരിക പശ്ചാത്തലത്തിൽ ഗൗരവമായ ധ്യാനത്തിനും പഠനത്തിനും വിഷയമാക്കുന്നതിനുള്ള ഈ മൂല്യങ്ങൾ സഭാ കൂട്ടായ്മയിൽ അനുഭവിക്കുന്നതിനും ആഘോഷിക്കുന്നതിനുമുള്ള വേദിയാണു പ്രധാനമായും കൺവൻഷനുകൾ.

ഒമ്പതാമതു കൺവൻഷന്റെ പ്രധാന പ്രമേയം കുടുംബം ആണ്. ആഗോള കത്തോലിക്ക സഭയിൽ ഏതാനും വർഷങ്ങളായി വളരെ ഗൗരവത്തോടെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണിത്. കൺവൻഷനിൽ ഈ വിഷയം മൂന്നു തലങ്ങളിലായാണ് പഠന വിഷയമാക്കുന്നത്.

കുടുംബം സ്നേഹത്തിന്റെ ഭവനം, വിശ്വാസത്തിന്റെ കളരി, ജീവിതത്തിന്റെ സ്രോതസ് എന്നിങ്ങനെയാണ്.

അഞ്ചു വിഭാഗങ്ങളിലായിട്ടാണു ക്ലാസുകളും ചർച്ചകളും നടക്കുക. മുതിർന്നവർ, ചെറുപ്പക്കാരായ ദമ്പതികൾ, യുവജനങ്ങൾ, മുതിർന്ന സ്കൂൾ കുട്ടികൾ, ചെറിയ കുട്ടികൾ. ഈ അഞ്ചു വിഭാഗങ്ങൾക്കും ക്ലാസുകൾ നയിക്കുവാൻ പ്രഗല്ഭരുടെയും വിദഗ്ധരുടെയും ഒരു നിരതന്നെ ലഭ്യമാണ്.

പ്രശസ്ത വേദപുസ്തക പണ്ഡിതനും വാഗ്മിയുമായ ഫാ. ജോസഫ് പാംപ്ലാനി, കുടുംബ കൗൺസിലർ ഡോ. ഏബ്രഹാം ഒറ്റപ്ലാങ്കൽ, കരോളിൻ ഡിർക്, ഡോ. മനോജ് മാത്യു, ബിനു ഏബ്രഹാം, രാജേഷ് ജേക്കബ് തുടങ്ങിയവരാണു വിവിധ ക്ലാസുകൾ നയിക്കുന്നത്. കൂടാതെ, എല്ലാ ദിവസവും ആഘോഷമായ സമൂഹ ബലിയും സഭയുടെ ഔദ്യോഗിക പ്രാർഥനകളുടെ അർഥവത്തായ ആഘോഷവും ഉണ്ടായിരിക്കും.

അംഗങ്ങളുടെ സർഗവാസനയുടെ പ്രകടനത്തിനായി മൂന്നു ദിവസവും കലാസന്ധ്യകൾ ക്രമീകരിച്ചിട്ടുണ്ട്. ആദ്യ ദിവസം സൺഡേ സ്കൂൾ കുട്ടികളും രണ്ടാം ദിവസം യുവജനങ്ങളും കലാപരിപാടികൾ അവതരിപ്പിക്കും. മൂന്നാം ദിവസം ഇടവകയിലെ മുഴുവൻ അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കിക്കൊണ്ടുള്ള കലാസന്ധ്യയാണു സജ്ജീകരിച്ചിരിക്കുന്നത്.

കൺവൻഷന്റെ മറ്റൊരു പ്രധാന ഇനം ക്വിസ് മത്സരമാണ്. കൂടാതെ കായിക മത്സരങ്ങൾക്കുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

അമേരിക്കയിലെ എല്ലാ ഇടവകകളിൽനിന്നായി ഏതാണ്ട് എണ്ണൂറോളം പേർ പങ്കെടുക്കുന്ന കൺവൻഷനിൽ കാതോലിക്ക ബാവയുടെയും നാല് മലങ്കര കത്തോലിക്ക മെത്രാന്മാരുടെയും 25 ഓളം വൈദികർ, 24 സന്യാസിനികൾ എന്നിവരുടെ സാന്നിധ്യം ഉടനീളമുണ്ട്. കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. എക്സാർക്കേറ്റ് വികാരി ജനറാൾ മോൺ. പീറ്റർ കോച്ചേരി കോ-ചെയർമാനായും അഗസ്റ്റിൻ മംഗലത്ത് ജനറൽ കൺവീനറായും എക്സാർക്കേറ്റ് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജനറൽ സെക്രട്ടറിയായും കമ്മിറ്റികൾക്കു നേതൃത്വം നൽകുന്നു.

## നേതൃപരിശീലനത്തിനും വ്യക്തിത്വ വികാസനത്തിനും 'ഡ്രീംസ്' ഡാളസിൽ



**മാർട്ടിൻ വിലങ്ങോലിൽ**

*ഡാളസ്:* കഴിഞ്ഞ ഒരുവർഷമായി കുട്ടികളുടെ നേതൃപരിശീലനത്തിനും വ്യക്തിത്വവികാസനത്തിനും സമഗ്രവേദിയൊരുക്കുക എന്ന സ്വപ്നവുമായി 'ഡ്രീംസ്' ശാഖ ഡാളസിൽ പ്രവർത്തിക്കുന്നു.

മലയാളി ഇന്ത്യൻ കമ്യൂണിറ്റിയുമായി ചേർന്ന് മൂന്നു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പ് മിഡിൽ സ്കൂൾ കുട്ടികളുടെ സമഗ്രമായ വളർച്ചയാണ് ലക്ഷ്യമിടുന്നത്.

ചങ്ങനാശേരിയിൽ സർഗക്ഷേത്ര എന്ന കലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ച് ഇപ്പോൾ ലൂസിയാനയിൽ സേവനം ചെയ്യുന്ന ഫാ. ലിജോ പാത്തിക്കൽ സിഎംഐ ആണ് സംഘടനയുടെ ഡയറക്ടർ. ലൂസിയാനയിലും കേരളത്തിലും ശാഖകളുള്ള ഡ്രീംസ് പ്രോജക്ട് ഡാളസിലെ ഇന്ത്യാ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്.

ഒന്നാം വർഷം ഇന്റർ പേഴ്സണൽ സ്കിൽസ്, ആറ്റിറ്റ്യൂഡ്, മാനവിക മൂല്യങ്ങൾ എന്നിവയിലും രണ്ടാം വർഷം ഫാമിലി, കമ്യൂണിറ്റി, ഫ്രന്റ്സ്, ടീം വർക്ക് എന്നിവയിലും മൂന്നാം വർഷം ലീഡർഷിപ്പ്, ഡിസിഷൻ മേക്കിംഗ്, ടൈം മാനേജ്മെന്റ് എന്നിവയ്ക്കും പ്രാധാന്യം നൽകിയാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്.

2015 ലെ സമ്മർ ക്യാമ്പ് ഓഗസ്റ്റ് 10ന് (തിങ്കൾ) മുതൽ 14 (വെള്ളി) വരെ നീണ്ടു നിൽക്കും. ഗാർലന്റിലെ കേരള അസോസിയേഷൻ ഹാളിൽ നടക്കുന്ന വ്യക്തി വികാസ പരിപാടി അഞ്ചു ദിവസങ്ങളിലും രാവിലെ ഒമ്പതു മുതൽ ഉച്ചകഴിഞ്ഞു 2.30 വരെയായി ക്രമീകരിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 25 ഡോളറാണ്.

വിവരങ്ങൾക്ക്: ജോൺസൺ കുര്യാക്കോസ് (ഷിബു) 9723103455, ഹരിദാസ് തങ്കപ്പൻ 214 908 5686. email: letus dreamusa @gmail .com

**വാർത്തകൾക്ക്...**

Tel: 267-991-211 e-mail

:georgethazhakara@gmail.com

# നിര്യാതരായി

## തങ്കമ്മ ചാക്കോ



*ന്യൂയോർക്ക്:* തിരുവല്ല, വള്ളംകുളം പരേതനായ തെക്കേൽ പോത്തൻ ചാക്കോയുടെ ഭാര്യ തങ്കമ്മ (95) ന്യൂയോർക്കിൽ നിര്യാതയായി.

സംസ്കാരം നടന്നു. പരേത വള്ളംകുളം ഉഴുന്നൂലിൽ കുടുംബാംഗം.

മക്കൾ: ആനി വർഗീസ് (കുഞ്ഞുമോൾ), ഏലിയാമ്മ ചാക്കോ (മോളി), പരേതനായ മാത്യു (തമ്പി), ശോശാമ്മ മാത്യു (തായാടിക്കൽ), സാറാമ്മ കോശി (ജൂലി), ജേക്കബ് ചാക്കോ (മോനായി), ജയിംസ് ചാക്കോ (കൊച്ചുമോൻ), മോൻസി ചാക്കോ (എല്ലാവരും ന്യൂയോർക്ക്).

മരുമക്കൾ: ജോർജ് വർഗീസ്, ജോർജ് മാത്യു (തമ്പി പാലയ്ക്കാമണ്ണിൽ, തീയാടിക്കൽ), ടി.കെ. കോശി, ഷേർളി ജേക്കബ്, ബേബി ജയിംസ്, സുജ മോൻസി (എല്ലാവരും ന്യൂയോർക്ക്).

അനുശോചനത്തിന്: മോൻസി ചാക്കോ 8455701213, ജേക്കബ് ചാക്കോ 201 647 9516.

## ഫാ.പുഞ്ചക്കോണത്തിന്റെ പിതൃസഹോദരൻ



*ആയൂർ:* ഫാ. ജോൺസൺ പുഞ്ചക്കോണത്തിന്റെ പിതൃസഹോദരൻ ആയൂർ ഇളമാട് സെൻറ് തോമസ് ഓർത്തഡോക്സ് ഇടവക അംഗം സി. ഗീവർഗീസ് പുഞ്ചക്കോണം (റിട്ട. ടീച്ചർ- 74) നിര്യാതനായി.

മുഖത്തല ആനയിടുക്കിൽ കുടുംബാംഗമായ സാറാമ്മ ഗീവർഗീസ് ആണ് ഭാര്യ.

മക്കൾ: സുനി, ജോസ് പുഞ്ചക്കോണം, സിജി. മരുമക്കൾ: ജിജു, മാത്യൂസ്. കൊച്ചുമക്കൾ: ജോഹൻ, ജോവേൽ, ജനി, ജൂബി, സാം അഭിഷേക്, അലൻ. പരേതനായ പാപ്പച്ചൻ, കിരിയാൻ പുഞ്ചക്കോണം, അഡ്വ.ബേബി പുഞ്ചക്കോണം, അച്ചൻകുഞ്ഞ് പുഞ്ചക്കോണം, ഏലിക്കുട്ടി അബ്രഹാം, അന്നമ്മ ലൂക്കോസ് എന്നിവർ സഹോദരങ്ങളാണ്.

സംസ്കാര ശുശ്രൂഷകൾ മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

## സി.എം.പാപ്പി



*ന്യൂയോർക്ക്:* മൈലപ്ര ചാമക്കാലായിൽ സി.എം. പാപ്പി (93) നിര്യാതനായി.

സംസ്കാരം യൂഹാനോൻ മാർ ക്രിസോസ്റ്റം, തോമസ് മാർ ഔസേബിയോസ് എന്നിവരുടെ കാർമികത്വത്തിൽ ജൂലൈ 28നു (ചൊവ്വ) മൈലപ്ര തിരുഹൃദയ ദേവാലയത്തിൽ നടന്നു.

മക്കൾ: ലീല പ്രസാദ്, ത്രേസ്യാമ്മ തോമസ്, ലിസ ബാബുക്കുട്ടി, തോമസുകുട്ടി, മാത്യു, മിനി. മരുമക്കൾ: പരേതനായ ജോഷ്വ പ്രസാദ്, തോമസ് മാത്യു നാടാവള്ളിൽ, ബാബുക്കുട്ടി തുണ്ടിയത്ത്, ഷേർലി, എലിസബത്ത്, ജോയി മാത്യു താനുവേലിൽ.

അനുശോചനത്തിന്: 516 707 4300. മോഹൻ വർഗീസ് അറിയിച്ചതാണിത്

## മരിയ



*മിസോറി സിറ്റി (ഹ്യൂസ്റ്റൺ):* ചുങ്കപ്പുര മധുവിന്റെ ഭാര്യ മരിയ (29) അമേരിക്കയിൽ നിര്യാതയായി.

സംസ്കാരം നടന്നു. പരേത മാന്നാനം തൈയിൽ കുടുംബാംഗം.

മക്കൾ: ഐലിൻ, ഐറിൻ.






# ഫിലഡൽഫിയ സീറോ മലബാർ പള്ളിയിൽ വിശുദ്ധ അൽഫോൻസാ തിരുനാൾ

**ജോർജ് നടവയൽ**



*ഫിലാഡൽഫിയ:* സീറോ മലബാർ പള്ളിയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആത്മീയ സായൂജ്യമായി.

ഷിക്കാഗോ രൂപതയുടെ ഡയോസിഷൻ യൂത്ത് അപ്പസ്തലേറ്റ് ഡയറക്ടർ ഫാ. വിനോദ് മഠത്തിൽപറമ്പിൽ, ഫൊറോനാ വികാരി ഫാ. ജോണിക്കുട്ടി പുലിശേരി എന്നിവർ കാർമ്മികരായി.

മനുഷ്യാത്മാവിന്റെ ദൈവഭക്തിയുടെ, സ്വയം ശൂന്യമാക്കി ദൈവസ്നേഹത്താൽ നിറയുന്നതിന്റെ, അനുസരണത്തിന്റെ, ആത്മീയസന്തോഷം തേടുമ്പോൾ ജഢമോഹവ്യഗ്രതകൾ അപ്രസക്തമാകുന്നതിന്റെ, മനുഷ്യസഹനത്തിന്റെ, പരസേവനത്തിന്റെ, പ്രാർത്ഥനയുടെ, ഭാരതീയ വനിതാ മേന്മയുടെ, സീറോ മലബാർ സഭയുടെ, കേരളമണ്ണിന്റെ എല്ലാം മഹത്തായ മാതൃകയാണു വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതമെന്നു തിരുനാൾ സന്ദേശത്തിൽ ഫാ. വിനോദ് മഠത്തിൽപറമ്പിൽ ഉദ്ഘോഷിച്ചു. അമേരിക്കയിലെ മൂല്യങ്ങൾക്കുമേൽ അമൂല്യമായ ആത്മീയതകൊണ്ട് നമ്മുടെ ജീവിത ദൗത്യം അർഥപൂർണമാക്കാൻ അൽഫോൻസാമ്മയുടെ ജീവിത മാതൃക പ്രചോദനമേകും.

സെന്റ് അൽഫോൻസാ വാർഡ് അംഗങ്ങളായിരുന്നു തിരുനാൾ ഏറ്റെടുത്ത് നടത്തിയത്. ട്രസ്റ്റിമാരായ സണ്ണി പടയാറ്റിൽ, ഷാജി മിറ്റത്താനി എന്നിവരും, വാർഡ് പ്രസിഡന്റ് റോയി വർഗീസ്, വൈസ് പ്രസിഡന്റ് മേരിക്കുട്ടി ജോർജ്, ട്രഷറാർ സോജൻ പോൾ എന്നിവരും കർമ്മങ്ങൾക്ക് കാര്യദർശികളായി പ്രവർത്തിച്ചു. വി. കുർബാന, വി.അൽഫോൻസാമ്മയുടെ തിരുസ്വരൂപം വഹിച്ചുള്ള പ്രദക്ഷിണം, തിരുശേഷിപ്പ് വണക്കം, നേർച്ച, പാച്ചോർ എന്നിവ നടന്നു.

# ഹൈസ്കൂൾ റാങ്ക് ജേതാക്കൾക്കു പിഎംഎഫ് സ്വീകരണം നൽകി

**ജീമോൻ റാന്നി**



*ഗാർലന്റ്:* പ്രവാസി മലയാളി ഫെഡറേഷൻ ഡിഎഫ്ഡബ്ല്യു യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡാളസ് ഫോർട്ട് വർത്ത് മെട്രോ പ്ലെക്സിലെ ഹൈസ്കൂളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വാലിഡിക്ടോറിയൻ സലൂറ്റേറ്റോറിയൻ വിദ്യാർഥികൾക്ക് ഉജ്വല സ്വീകരണം നൽകി.

ഗാർലന്റ് ഇന്ത്യ ഗാർഡൻസിൽ ജൂലൈ 26നു വൈകുന്നേരം ആറിനു അവാർഡുദാന ചടങ്ങുകൾ ആരംഭിച്ചു. പ്രസിഡന്റ് തോമസ് രാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് തോമസ് രാജൻ അധ്യക്ഷത വഹിച്ചു. യോഗത്തിൽ യൂണിറ്റ് സെക്രട്ടറി സിജു വി. ജോർജ് സ്വാഗതം പറഞ്ഞു.

തുടർന്നു നടന്ന അവാർഡ് ദാന ചടങ്ങിനു പിഎംഎഫ് ഗ്ലോബൽ ട്രഷററും മാധ്യമ പ്രവർത്തകനുമായ പി.പി. ചെറിയാൻ ഉദ്ഘാടനം ചെയ്തു. പ്രവാസികളുടെ നേട്ടങ്ങളിൽ അവരെ അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനുമുള്ള ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നതിനു സംഘടന പ്രതിജ്ഞാബദ്ധമാണെന്നും ചെറിയാൻ പറഞ്ഞു. അവാർഡ് ജേതാക്കളെ അനുമോദിച്ച് റോയ് ജോസഫ്, സന്തോഷ് പിള്ള, ജയ്സ് ജേക്കബ്, ഏബ്രഹാം മാത്യു എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ വാലിഡിക്ടോറിയന്മാരായ റൂബി അനിത ചെറിയാൻ (സണ്ണി വെയ്ൽ), ജെറിൻ ജേക്കബ് (മസ്കറ്റ്), ജെയ്സി തോമസ് (ഗാർലന്റ്), സാലുറ്റോറിയന്മാരായ ജോവൻ ജേക്കബ്, ജോസഫ് മോഹൻ, ഏബൻ ഏബ്രഹാം, സാന്ദ്ര ജിം. ചെറിയാൻ എന്നിവർക്കുള്ള പിഎംഎഫ് ട്രോഫികൾ പി.പി. ചെറിയാൻ സമ്മാനിച്ചു.




2015 മെയ് 14

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

ബഹു. കേരള ഹൈക്കോർട്ട് ജഡ്ജ് ജസ്റ്റീസ് **ബാബു മാത്യു പി. ജോസഫ്**

**നിത്യചൈതന്യയതി സ്മാരകപ്രഭാഷണം**






അന്ന് നെഹ്റു ചോദിച്ച ചോദ്യമാണ് ഇപ്പോഴും നമ്മുടെ മുന്നിലുള്ളത്. നാം രാജ്യത്തിനായി എന്തു നൽകി. നാം കൊടുക്കുന്നതാണ് ഇന്ത്യയുടെ ധനം. നാം കൊടുക്കുന്നതാണ് ഈ രാജ്യത്തിന്റെ സമ്പത്ത്. നിങ്ങൾ എന്തു കൊടുക്കുന്നുവോ അതുപോലെയായിത്തീരും ഈ രാജ്യം. നിങ്ങൾ സ്നേഹം കൊടുത്താൽ സ്നേഹസമ്പന്നമാകും ഭാരതം. നിങ്ങൾ കാരുണ്യം കൊടുത്താൽ കരുണ നിറഞ്ഞതാവും ഭാരതം. നിങ്ങൾ പരസ്പര സ്നേഹം പുലർത്തിയാൽ അതു നിറഞ്ഞു തുളുമ്പുന്ന രാജ്യമാകും ഇന്ത്യ. നിങ്ങൾ സഹകരിക്കുന്നവരായാൽ സഹകരിക്കുന്നവരുടെ നല്ല രാജ്യമായി മാറും.

**3**

സ്വാതന്ത്ര്യമെന്റെ ജന്മാവകാശമാണെന്ന് ബാലഗംഗാധര തിലകൻ പറഞ്ഞു. ജനിക്കുന്ന ഓരോ കുട്ടിയുടെയും അവകാശമാണ് ആരോഗ്യം എന്നത്. എന്നെപ്പോലെയുള്ളവർക്ക് സർക്കാരാണ് പണം മുടക്കുന്നത്. സാധാരണക്കാരുടെ സ്ഥിതി അതാണോ. താലൂക്ക് ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് സെന്ററുകളിലോ, അല്ലെങ്കിൽ ജനറൽ ആശുപത്രികളിലോ, ജില്ലാ ആശുപത്രിയിലോ, മെഡിക്കൽ കോളജിലോ ഒക്കെ പോയാൽ ഒരുപക്ഷെ നാം പ്രൈവറ്റ് ആശുപത്രിയിൽ പോയി നേടുന്ന അതേ സൗകര്യമുള്ള ചികിത്സ ലഭിക്കാറില്ല. പെരുമാറ്റദോഷം, മരുന്നില്ലായ്മ, ആവശ്യത്തിനു കിടക്കയില്ലായ്മ, വേണ്ടിടത്തെല്ലാം ആരോഗ്യകേന്ദ്രമില്ലായ്മ എന്നുതുടങ്ങി എന്തെല്ലാം ദരിദ്രമായ അവസ്ഥയാണ്.

ആതുരസേവനം എന്നു പറയുന്നത് മാറിമാറിവരുന്ന ഗവൺമെന്റുകൾ നിഷേധാത്മകമായ സമീപനമാണ് പ്രകടിപ്പിച്ചിട്ടുള്ളത്, മനപ്പൂർവ്വം എന്നു പറയുന്നില്ല. മാറിമാറിവരുന്ന ഗവൺമെന്റുകൾക്ക് ആത്മാർത്ഥമായ ഒരു സമീപനം ഉണ്ടായിരുന്നുവെങ്കിൽ എന്നാശിച്ചുപോകുന്നു. ലോ ആന്റ് ഓർഡർ ഉണ്ടായത് ഇവിടെ നിയമവാഴ്ച പുലരാൻ വേണ്ടിയാണ്. ഏതെങ്കിലും ഗുണ്ടയുടെയോ സംഘത്തിന്റെയോ കീഴിലാകാൻ പാടില്ല. സമൂഹത്തിൽ ക്രിയാത്മകമായ ക്രമപ്രവൃത്തിയുള്ള ഭരണജീവിതക്രമസംവിധാനം ഉണ്ടാവണം. അതിനാണ് സ്റ്റേറ്റ് ഉണ്ടായത്. ജനങ്ങൾ അസുഖം വന്നാൽ, ആശുപത്രിയിൽ എത്തിയാൽ, അവിടുത്തെ സംസ്കാരമെന്താണെന്നു നമുക്കറിയാം.

പല സ്വകാര്യ ആശുപത്രികളുടെയും ലക്ഷ്യം ധനസമ്പാദനമാണ്. എല്ലാ സ്വകാര്യ ആശുപത്രികളും അങ്ങനെയല്ല. പനിയായിട്ട് ചെന്നാൽ അത്യാവശ്യ പരിശോധനകൾ ആവശ്യമാണ്. എന്നാൽ അതിന്റെ പേരിൽ ഭാരിച്ച തുക ചെലവഴിക്കേണ്ടിവരുന്ന പരിശോധനകൾ ആവശ്യമുണ്ടോ എന്നും ആലോചിക്കേണ്ടതുണ്ട്. ഒരുപാട് മഹാന്മാരുടെ സമൂഹമാണത്. ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന പല ഡോക്ടർമാരും അനാവശ്യകാര്യത്തിനുപോലും പരിശോധന നടത്തുന്നു. എന്റെ സുഹൃത്തായ ഒരു ഡോക്ടർ ഗവൺമെന്റ് സർവ്വീസിൽ നിന്നും പെൻഷനായപ്പോൾ അദ്ദേഹത്തെ ഒരു സ്വകാര്യ ആശുപത്രിയിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിനോട് പ്രതിഫലം ചോദിച്ചു. സമ്മതിച്ചു. ഒരു കാര്യം കൂടി പറഞ്ഞു. ഈ ആശുപത്രിയിൽ ഇന്നയിന്ന മെഷീനുകളൊക്കെ വാങ്ങിവെച്ചിട്ടുണ്ട്. അതൊക്കെ ഡോക്ടർ പ്രവർത്തിപ്പിക്കണം. അത്യാവശ്യമില്ലെങ്കിലും പ്രവർത്തിപ്പിച്ചോണം. 200 രൂപ മുടക്കേണ്ട സ്ഥാനത്ത് ഇരുപതിനായിരം രൂപ മുടക്കിയാലും ചികിത്സ തീരാത്ത അവസ്ഥയിലേക്ക് നമ്മെ തള്ളിവിടുന്ന കൊടുംക്രൂരത ആതുരസേവനത്തിന്റെ പേരുപറഞ്ഞ് സ്വകാര്യമേഖലയിൽ നടക്കുന്നുണ്ട്. എല്ലാവരുമെന്നു പറയുന്നില്ല. ആ കൊള്ളയ്ക്ക് പരിഹാരം ഒന്നേയുള്ളൂ. 'ആരോഗ്യം എന്റെ ജന്മാവകാശമാണ്. അത് ഞാൻ നേടുകതന്നെ ചെയ്യും' എന്ന മുദ്രാവാക്യം ഉയർത്തുവാനുള്ള അവകാശം നമ്മിലോരോരുത്തരിലുമുണ്ട്. ആ അവകാശം സ്വാർത്ഥകമായി ഉപയോഗപ്പെടുത്തി പൊതുമേഖലയിൽ ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കണം.

അധികം റോഡും പാലവുമൊന്നും ഇനി വേണ്ട. അധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടാക്കേണ്ട. ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനാവശ്യമായ ആധുനികമായ സജ്ജീകരണങ്ങൾ എല്ലാ മേഖലയിലും ഉണ്ടാവണം. മിടുക്കരായ ഡോക്ടർമാർ കേരളത്തിൽ നിൽക്കുന്നില്ല. അവരെല്ലാം വിദേശരാജ്യങ്ങളിലേക്ക് പോകുകയാണ്. ആ ഡോക്ടർമാരുടെ സേവനം നമുക്കു കിട്ടണം. അവർക്കാവശ്യമായ ശമ്പളം ലഭ്യമാകണം. അവർക്ക് സമാധാനത്തോടെ പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാവണം.

ഖേദകരമായ ഒരു ഉദാഹരണം പറയാം. ഒരു ലേഡി ഡോക്ടർ. അവർ ഹോമിയോയിൽ ഡിഗ്രിയെടുത്ത ശേഷം എം.ബി.ബി.എസ്. പാസായി. വടക്കേ മലബാറിൽ പബ്ലിക് ഹെൽത്ത് സെന്റർ ജോലി കിട്ടി. അവിടെ എന്തോ കാര്യത്തിന് ഡോക്ടറുടെ പേരിൽ ആക്ഷേപം ഉന്നയിച്ചിട്ട് ആ സ്ത്രീയ ഖൊരാവോ ചെയ്തു. അവർ ഭയന്നു ബോധം കെട്ടുവീണു. മെഡിക്കൽ കോളജിൽ കൊണ്ടുപോയി. അവർ മരിച്ചുപോയി. ഡോക്ടർമാർ പ്രവർത്തിക്കുന്ന അവസ്ഥയും നാം മനസ്സിലാക്കണം. ഡോക്ടർമാർക്ക് വേണ്ടുന്നതായ എല്ലാ സൗകര്യങ്ങളും ആശുപത്രിയിൽ പ്രദാനം ചെയ്തിട്ടില്ല എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. നമുക്ക് ഒരുപാട് ആഗ്രഹങ്ങളുണ്ടാവാം. നാം തെറ്റിദ്ധരിക്കപ്പെടാം. കേസുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെടാറുണ്ട്. നിരർത്ഥകമായ, അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഡോക്ടർമാരെ അന്യരാക്കുന്ന, ശത്രുക്കളാക്കുന്നവിധം നാട്ടുംപുറത്ത് പാവപ്പെട്ടവർ പല ആളുകളുടെയും പിൻതുണയോടുകൂടി ആക്രമണം നടത്തുന്നുണ്ട്. അത്തരം പ്രവൃത്തിയും നല്ലതല്ല. അംഗീകരിക്കേണ്ടവരെ അംഗീകരിക്കണം. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം. എങ്കിലാണ് അവരിൽ നിന്ന് ഏറ്റവും കൂടുതൽ സേവനം സമൂഹത്തിനു കിട്ടുക. ഒരാളെ വെറുപ്പിച്ചുകൊണ്ടിരുന്നാൽ അവരിൽ നിന്നും ലഭിക്കേണ്ടത് ലഭിക്കില്ല.

നിയമപാലകരായ പോലീസുകാരെ സിനിമയിലൂടെയും പുസ്തകങ്ങളിലൂടെയും അറുവഷളന്മാരായി ചിത്രീകരിക്കുന്ന ഒരു സ്റ്റേറ്റ് വേറെയുണ്ടോ എന്ന് എനിക്കറിയില്ല. ഈ പോലീസ് സംവിധാനത്തിൽ നല്ലവരായ, നല്ലമനസ്സുള്ള, നിയമപരമായി പ്രവർത്തിക്കുന്ന എത്രയോ ആളുകളുണ്ട്. എന്നാൽ ഇവരാകെ കള്ളന്മാരും കൊള്ളക്കാരും ചതിയന്മാരും ജനങ്ങളെ പറ്റിക്കുന്നവരും കുറ്റവാളികളെ രക്ഷിക്കുന്നവരുമായി തെമ്മാടിക്കൂട്ടങ്ങളെന്നപോലെ അവതരിപ്പിക്കുകയല്ലേ പല ചലച്ചിത്രങ്ങളിലും പല പുസ്തകങ്ങളിലും.

ഭരണഘടനയുടെ 51-എ യിൽ പറയുന്നു മൗലികമായ ചുമതലകൾ. ഭരണഘടനയുടെ കീഴിലുള്ള സ്ഥാപനങ്ങളെ ആദരിക്കുവാനുള്ള ചുമതല കൂടി നമുക്കുണ്ട്. എല്ലാത്തിനെയും ചീത്തയാക്കി, എല്ലാം വിഷമാണെന്നും, എല്ലാം വൃത്തികെട്ടതാണെന്നും, എല്ലാം മനുഷ്യർക്കെതിരാണെന്നും ഉള്ള ചിന്ത വരുത്തി സകലതിനെയും അധഃപതിപ്പിച്ച് നശിപ്പിക്കുന്ന ഒരു പ്രവണത ഇന്ത്യയിൽ ഏറ്റവും കൂടുതൽ നിലനിൽക്കുന്ന സ്റ്റേറ്റാണ് വാസ്തവത്തിൽ കേരളമെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

ടി.വി. ചാനലുകളോടൊക്കെ വലിയ ബഹുമാനമുള്ള ആളാണ് ഞാൻ. പക്ഷെ, ആ ചാനലുകളിലൊക്കെ പലരും ചെയ്യുന്നത് പല സംവിധാനങ്ങളെയും എങ്ങനെ തകർക്കാമെന്നാണ് പലപ്പോഴും അവരുടെ പ്രവർത്തനത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതൊന്നും നാടിനു ഗുണം ചെയ്യുന്നതല്ല. നാടിനു ഗുണം ചെയ്യുന്ന, നമുക്കു ഗുണം ചെയ്യുന്ന, നമ്മുടെ പിഞ്ചുമക്കൾ വളർന്നുവരുമ്പോൾ അവർക്ക് ഈ നാട്ടിലെ വളർന്നുവന്നിട്ടുള്ള എല്ലാ ജീവിതസൗകര്യങ്ങളും വേണ്ടുവോളം മര്യാദ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു സമൂഹത്തിൽ ജീവിച്ചുകൊണ്ട് കൈയ്യാളുവാനും അനുഭവിക്കാനുമുള്ള അവസ്ഥ നാം നേടിക്കൊടുക്കണം.

സ്വാതന്ത്ര്യം നേടി ആദ്യത്തെ വർഷം തികഞ്ഞപ്പോൾ നെഹ്റു 1948ലെ പ്രക്ഷേപണീപ്രസംഗത്തിൽ പറഞ്ഞു. എല്ലാവരും ചോദിക്കുന്നു തങ്ങൾക്ക് ഈ രാജ്യത്തുനിന്ന് എന്തു കിട്ടിയെന്ന്. ഞാൻ ഒരു മറുചോദ്യം ചോദിക്കുന്നു. നിങ്ങൾ ഓരോരുത്തരും ഈ രാജ്യത്തിന് എന്തുകൊടുത്തുവെന്ന്.

അന്ന് ദരിദ്രനാരായണന്മാരുടെ മാത്രം രാജ്യമായിരുന്നു ഇന്ത്യ. ഇപ്പോൾ ഏറെ മാറ്റം വന്നിട്ടുണ്ട്. കേരളത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. എന്നാൽ കേരളമൊന്നുമല്ല ഇന്ത്യ. ബോംബെ വഴിയും പടിഞ്ഞാറുഭാഗത്തുകൂടി സെക്കന്റ് ക്ലാസിൽ യാത്ര ചെയ്യണം. മറ്റൊന്ന് കൽക്കട്ട വഴി ഡൽഹിയിലേക്കും യാത്ര ചെയ്യണം. ഇന്ത്യയിലെ സ്ത്രീപുരുഷന്മാർ എങ്ങനെയാണ് ജീവിക്കുന്നതെന്ന് അപ്പോൾ കാണാം. കഴിയുമെങ്കിൽ അവിടെയൊക്കെ ഒന്നോ രണ്ടോ ദിവസം കഴിയണം. മൃഗങ്ങൾക്ക് ഇവിടെ കിട്ടുന്ന അംഗീകാരവും സ്ഥാനവും മാനവും ഭക്ഷണവും അവിടെയുള്ള മനുഷ്യർക്ക് കിട്ടുന്നില്ല. നാം നിത്യേന പാഴാക്കിക്കളയുന്ന വെള്ളത്തിന്റെ പത്തിലൊന്ന് അംശം പോലും വിനിയോഗിക്കാൻ ലക്ഷക്കണക്കിന് ഉത്തരേന്ത്യയിലെ മനുഷ്യർക്കു ലഭിക്കുന്നില്ലായെന്നോർക്കണം. എഞ്ചിനോയിലിന്റെ അര ലിറ്ററിന്റെയോ ഒരു ലിറ്ററിന്റെയോ പാത്രത്തിൽ വെള്ളവുമായി പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നവരെ കാണാൻ കഴിയും. ഇന്ത്യയിൽ ഇപ്പോഴും ദരിദ്രനാരായണന്മാരുണ്ട്. നിരക്ഷരകുക്ഷികളുണ്ട്. കിടപ്പാടമില്ലാത്തവരുണ്ട്. ആരോഗ്യപരിപാലനത്തിന് സൗകര്യമില്ലാത്തവരുണ്ട്.

അന്ന് നെഹ്റു ചോദിച്ച ചോദ്യമാണ് ഇപ്പോഴും നമ്മുടെ മുന്നിലുള്ളത്. നാം രാജ്യത്തിനായി എന്തു നൽകി. നാം കൊടുക്കുന്നതാണ് ഇന്ത്യയുടെ ധനം. നാം കൊടുക്കുന്നതാണ് ഈ രാജ്യത്തിന്റെ സമ്പത്ത്. നിങ്ങൾ എന്തു കൊടുക്കുന്നുവോ അതുപോലെയായിത്തീരും ഈ രാജ്യം. നിങ്ങൾ സ്നേഹം കൊടുത്താൽ സ്നേഹസമ്പന്നമാകും ഭാരതം. നിങ്ങൾ കാരുണ്യം കൊടുത്താൽ കരുണ നിറഞ്ഞതാവും ഭാരതം. നിങ്ങൾ പരസ്പര സ്നേഹം പുലർത്തിയാൽ അതു നിറഞ്ഞു തുളുമ്പുന്ന രാജ്യമാകും ഇന്ത്യ. നിങ്ങൾ സഹകരിക്കുന്നവരായാൽ സഹകരിക്കുന്നവരുടെ നല്ല രാജ്യമായി മാറും. നിങ്ങൾ ഹിംസിക്കാത്തവരായാൽ അഹിംസ കളിയാടുന്ന രാജ്യമായി ഇതു മാറും. നിങ്ങൾ ദയ കാണിച്ചാൽ ദയയുള്ളവരുടെ രാജ്യമായിട്ടു മാറും. നിങ്ങൾ നിസ്സഹായരെ സഹായിച്ചാൽ നിരാലംബരായിട്ടുള്ളവർക്ക് ആശ്വാസമാകും. നശിച്ചുകൊണ്ടിരിക്കുന്ന മൂല്യങ്ങൾ തിരികെ പിടിക്കുവാനും നമ്മുടെ ഒരു പങ്ക് ഈ രാജ്യത്തിന് നല്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഓഗസ്റ്റ് 02 – രണ്ടാം ചരമവാർഷികം



# ഗന്ധർവ്വസംഗീതമുതിർത്ത ദക്ഷിണാമൂർത്തി

ജോർജ് തഴക്കര

ശുദ്ധസംഗീതത്തെയും ശാസ്ത്രീയ സംഗീതത്തെയും സമന്വയിപ്പിച്ചുകൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ സംഗീതപ്രതിഭയായിരുന്നു വി.ദക്ഷിണാമൂർത്തി. നൂറ്റിയിരുപത്തിയഞ്ച് ചലച്ചിത്രങ്ങൾക്കായി ആയിരത്തോളം ഗാനങ്ങൾക്ക് അദ്ദേഹം ഈണം നൽകി. ഗായകൻ, ഗാനരചയിതാവ്, സംഗീതഗ്രന്ഥകാരൻ എന്നീ നിലകളിലാണ് സ്വാമിയുടെ പ്രശസ്തി.

നീണ്ടു മെലിഞ്ഞ ശരീരം, മുണ്ടും ജുബ്ബായും വേഷം. നീട്ടിവരച്ച ഭസ്മക്കുറി, കറുത്ത ചരടിൽ കോർത്ത രുദ്രാക്ഷം. ഏതാണ്ട് ആറടി പൊക്കം. മുറുക്കാൻ ചെല്ലവും മുദ്രവടിയും ഒപ്പമുണ്ടാകും. ഒരു സംഗീതോപകരണവും വായിക്കാനറിയില്ലായെന്നത് മറ്റൊരതിശയം.

1919 ഡിസംബർ 9ന് ആലപ്പുഴയിലെ മുല്ലയ്ക്കൽ തെക്കേമഠത്തിൽ ജനനം. പിതാവ് വി.വെങ്കടേശ്വരയ്യർ. ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. അമ്മ പാർവ്വതിയമ്മ. രണ്ടു സഹോദരങ്ങളും നാലു സഹോദരിമാരും.

അമ്മയുടെ അച്ഛൻ ഭാഗവതരായിരുന്നു. അമ്മയുടെ സഹോദരങ്ങൾ അഞ്ചുപേരും സംഗീതത്തിൽ താല്പര്യമുള്ളവരായിരുന്നു. മുലപ്പാലിനോടൊപ്പം താരാട്ടുപാട്ടുകളിലെ സംഗീതാംശംകൂടി കൈക്കുഞ്ഞ് സ്വീകരിക്കുകയായിരുന്നു. വാത്സല്യത്തിന്റെ കൈകളിൽ മാറിമാറി കഴിയുമ്പോഴും അവരിൽ നിന്നെല്ലാം കേട്ടുതുടങ്ങിയത് സംഗീതാത്മകമായ പാട്ടും മൂളലുമായിരുന്നു. ആറുവയസ്സായപ്പോഴേക്കും അമ്മയിൽ നിന്നും ഇരുപത്തിയേഴ് കീർത്തനങ്ങളാണ് പഠിച്ചത്.

തിരുവനന്തപുരത്തായിരുന്നു സ്കൂൾ പഠനം ആരംഭിച്ചത്. ഫോർത്ത് വരെ കിള്ളിപ്പാലം സ്കൂളിലും, സിക്സ്ത് ഫോം വരെ എസ്.വി.എം.വി.സ്കൂളിലും. ഫോർത്ത് ഫോമിൽ പഠിക്കുമ്പോൾ അമ്മയെക്കൂടാതെ മറ്റൊരു സംഗീതഗുരുവിനെ കിട്ടി. ശ്രീവെങ്കിടാചലം പോറ്റി.

സംഗീതം മനസ്സിലേറ്റി രാപ്പകലുകൾ ചെലവിട്ടതിനാൽ പാഠഭാഗങ്ങളൊന്നും പഠിക്കുവാൻ മനസ്സുവന്നില്ല. സ്കൂൾ ഫൈനലിൽ തോറ്റു. ചോദ്യത്തിനുത്തരമായി പഠിച്ച വർണ്ണങ്ങളായിരുന്നു എഴുതിയിരുന്നത്. അദ്ധ്യാപകർ അതിശയിക്കുകമാത്രമല്ല, അരിശം കൊള്ളുകയും ചെയ്തിരുന്നു. സ്കൂൾ ഫൈനൽ കഴിഞ്ഞതോടെ താമസം അമ്പലപ്പുഴയിലായി. എല്ലാ ശനിയാഴ്ചകളിലും ആലപ്പുഴ വരെ പോയി അവിടെയുള്ള സമൂഹമഠത്തിൽ പാടുമായിരുന്നു. മൂന്നുവർഷത്തോളം ഇങ്ങനെ ചെയ്തു. പതിമൂന്നാം വയസ്സിൽ അമ്പലപ്പുഴ ക്ഷേത്രത്തിൽവെച്ച് ആദ്യമായി കച്ചേരി നടത്തി. വെങ്കപ്പൻപിള്ള അണ്ണാച്ചിയായിരുന്നു അതിനു പ്രേരണ നൽകിയത്. അതിനുശേഷം കരുമാടിയിൽ ഒരു കല്യാണത്തിനു കച്ചേരി നടത്തി. പ്രതിഫലവും ഒരു ട്യൂഷനും തരപ്പെട്ടു. അക്കാലത്തെ പ്രസിദ്ധ സംഗീതജ്ഞയായിരുന്ന കവിയൂർ രേവമ്മയോടൊപ്പം കച്ചേരികളിൽ പങ്കെടുത്തു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ചീഫ് അക്കൗണ്ടന്റായിട്ടാണ് പിതാവ് പെൻഷൻ പറ്റുന്നത്. സിനിമ അദ്ദേഹത്തിന്റെ ബലഹീനതയായിരുന്നു. സേലത്തുനിന്നും ഒരു പ്രൊജക്ടർ വാങ്ങി സഞ്ചരിക്കുന്ന സിനിമാശാല ആരംഭിച്ചു. സർക്കസ് കമ്പനിക്കാരെപ്പോലെ ടെന്റു കെട്ടി രണ്ടുമൂന്നുമാസം ഒരു സ്ഥലത്ത് സിനിമ പ്രദർശിപ്പിക്കും. സ്ഥലത്തിന്റെ പേരുമായി ബന്ധപ്പെട്ടാണ് ടാക്കീസ് അറിയപ്പെട്ടിരുന്നത്. 'കചദേവയാനി', 'സത്യഭാമ', 'സത്യശീലൻ', 'പതിഭക്തി', 'ഭക്തകുചേല' തുടങ്ങിയ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചിരുന്നത്. ആദ്യ പ്രദർശനം നടത്തിയത് തമിഴ്നാട്ടിലായിരുന്നു. പിന്നീട് പല ദേശങ്ങളിലായി. ആലപ്പുഴ, അമ്പലപ്പുഴ, കായംകുളം തുടങ്ങിയ സ്ഥലങ്ങളിലും ടാക്കീസ് പ്രവർത്തിച്ചു. ദക്ഷിണാമൂർത്തിയും അച്ഛന്റെ സഹായിയായിരുന്നു. സഞ്ചരിക്കുന്ന സിനിമാശാല നഷ്ടത്തിലായതോടെ പ്രൊജക്ടറും അനുബന്ധസാധനങ്ങളും വിറ്റു. അമ്മാവൻ സുബ്രഹ്മണ്യയ്യർക്ക് അച്ഛൻ ആലപ്പുഴയിൽ ഭഗവതിവിലാസം എന്ന പേരിൽ ഒരു സിനിമാതിയേറ്റർ കെട്ടിക്കൊടുത്തിരുന്നു. ആദ്യം അവിടെ അവതരിപ്പിച്ചത് നാടകമായിരുന്നു. ഓച്ചിറ വേലുക്കുട്ടിയുൾപ്പെടെയുള്ളവരുടെ നടന ഗാനരീതികൾ അടുത്തറിയുവാനും അവസരം ലഭിച്ചു. ദക്ഷിണാമൂർത്തിയുടെ മനസ്സ് നാടകത്തിലേക്കും സിനിമയിലേക്കും വ്യാപരിച്ചു. തമിഴ് സ്വാധീനമുള്ള പാട്ടുകളായിരുന്നു അതുവരെ കേട്ടിരുന്നത്. ആ സ്വാധീനം ആദ്യകാല ഗാനങ്ങളുടെ ഈണങ്ങളിൽ കലർന്നിട്ടുണ്ടായിരുന്നു.

നാദസ്വരവിദ്വാന്മാരായിരുന്ന ശങ്കര നാരായണപ്പണിക്കരും അനുജൻ ഗോപാലകൃഷ്ണപ്പണിക്കരും കച്ചേരി നടത്തുമ്പോൾ ദക്ഷിണാമൂർത്തിയെക്കൊണ്ടു രാഗം പാടിക്കുമായിരുന്നു. ആലപ്പുഴയിലെത്തിയ നാദസ്വരവിദ്വാൻ രാജരത്തിനത്തിനു മുന്നിൽ വെച്ച് ഒരു കീർത്തനം പാടാൻ അച്ഛൻ പ്രേരിപ്പിച്ചു. കീർത്തനം കേട്ട രാജരത്തിനം 'പഠിക്കേണ്ടതെല്ലാം ഇവൻ ഇതിനോടകം പഠിച്ചു'വെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

അച്ഛനമ്മമാരോടൊപ്പം തമിഴ്നാട്ടിൽ താമസമാക്കിയപ്പോൾ അവിടെ ആകാശവാണിയിൽ പരിപാടി നടത്തുവാനുള്ള അവസരം ലഭിച്ചു. പിന്നീട് തുടർച്ചയായി റേഡിയോ പരിപാടികൾ അവതരിപ്പിച്ചു.

പിറ്റേവർഷം, 1943ൽ 'മനോരമ' എന്ന ചിത്രത്തിനുസംഗീതസംവിധാനം നിർവ്വഹിക്കുവാനുള്ള അവസരം ലഭിച്ചു. ആ ചിത്രം വെളിച്ചം കണ്ടില്ല. കുട്ടികളെ പഠിപ്പിച്ചും, ഇന്ത്യാ ഗ്രാമഫോൺ കമ്പനി എന്ന പേരിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ ജോലി ചെയ്തും നാളുകൾ കഴിച്ചു.

1948 ജനുവരി 30ന് ദക്ഷിണാമൂർത്തി വിവാഹിതനായി. നാഗർകോവിൽ കീഴാമ്പൂരിൽ മുത്തുസ്വാമി അയ്യരുടെയും ഗോമതി അമ്മാളിന്റെയും മകൾ കല്യാണിയമ്മാൾ. 1951 മുതൽ താമസം മദിരാശിയിലാക്കി.

പി.ലീല നിർദ്ദേശിച്ചതിൻപ്രകാരം, നിർമ്മാതാവായ കെ.വി.കോശി, സംവിധായകൻ കുഞ്ചാക്കോ, ഗാനരചയിതാവ് അഭയദേവ് എന്നിവർ മൈലാപ്പൂരിലെ പുതുതെരുവിലുള്ള ദക്ഷിണാമൂർത്തിയെ തേടിയെത്തി. 'നല്ലതങ്ക' എന്ന ചിത്രത്തിന് ഒരു വിരുത്തം ചിട്ടപ്പെടുത്തിക്കൊടുക്കണം എന്നതായിരുന്നു ആവശ്യം. മലയാളസിനിമയിലെ അതിപ്രഗത്ഭന്മാർ പ്രശസ്തനല്ലാത്ത ഒരാളെ തേടിയെത്തിയിരിക്കുന്നു. ജീവിതത്തിനു വഴിത്തിരിവു കുറിച്ച സംഭവമായിരുന്നു അത്.

'ശംഭോ ഞാൻ കാൺമതെന്താണിദം അടയുകയോ
മൽ കവാടങ്ങളയ്യോ...' എന്ന വരികൾക്ക് പന്തുവരാളി രാഗം നൽകി. കെ.വി.കോശിക്ക് ഈണം പിടിച്ചു. നൂറുരൂപ പ്രതിഫലമായി നൽകി അഭിനന്ദിച്ചു.

കുഞ്ചാക്കോയുടെ നിർദ്ദേശപ്രകാരം ദക്ഷിണാമൂർത്തി 1950ൽ ജന്മനാട്ടിലെത്തി. കെ ആന്റ് കെ പ്രൊഡക്ഷൻ നിർമ്മിക്കുന്ന 'നല്ലതങ്ക'യുടെ സംഗീത സംവിധായകനായി. അഗസ്റ്റിൻ ജോസഫ്, പി.ലീല, വൈക്കം മണി എന്നിവരായിരുന്നു ഗായകർ. അതിലെ എല്ലാ ഗാനങ്ങളും ജനപ്രിയമായി. അഭയദേവ്- ദക്ഷിണാമൂർത്തി കൂട്ടുകെട്ടിൽ നിന്നും പന്ത്രണ്ടോളം സിനിമകളുടെ ഗാനങ്ങൾ സംഗീതസാന്ദ്രതയാർന്നു. ജീവിതനൗക, ജ്ഞാനസുന്ദരി, സീത, സ്നേഹസീമ, വേലിത്തമ്പിദളവ, ശ്രീഗുരുവായൂരപ്പൻ, ദേവാലയം, കടമറ്റത്തച്ചൻ തുടങ്ങിയ ചിത്രങ്ങളിലെ ഗാനങ്ങൾ അംഗീകരിക്കപ്പെട്ടു.

തിക്കുറിശ്ശി നിർമ്മാണം നിർവ്വഹിച്ച സ്നേഹസീമയിലെ ക്രിസ്തീയഗാനത്തിന് കർണ്ണാടകസംഗീതം നൽകി വിജയം കണ്ടതിനെതുടർന്ന് അതിലെ 'പ്രിയമാനസൻ' എന്ന ഗാനം ഓരോ സുഹൃത്തുക്കൾ വരുമ്പോഴും ദക്ഷിണാമൂർത്തിയെക്കൊണ്ടു പാടിപ്പിക്കും. ഒടുവിൽ ഗത്യന്തരമില്ലാത്ത അവസ്ഥയിൽ അഭയദേവിന്റെ അറിവോടെ തൊണ്ടയടച്ചതായി അഭിനയിച്ചു.

1967ൽ എം.കൃഷ്ണൻനായർ സംവിധാനം ചെയ്ത കൊച്ചിൻ എക്സ്പ്രസ് എന്ന സിനിമയിലൂടെയാണ് ശ്രീകുമാരൻതമ്പി- ദക്ഷിണാമൂർത്തി കൂട്ടുകെട്ട് ആരംഭിക്കുന്നത്. പാടുന്നു പുഴ എന്ന ചിത്രത്തിലെ ഗാനങ്ങൾ ഹിറ്റുകളായി. 'ഹൃദയസരസ്സിലെ പ്രണയപുഷ്പമേ...' എന്ന ഗാനം മൂന്നു തലമുറകളായി പാടിപ്പതിഞ്ഞവയാണ്. 'വൈക്കത്തഷ്ടമിനാളിൽ ഞാനൊരു വഞ്ചിക്കാരിയെ കണ്ടു...' (ഭാര്യമാർ സൂക്ഷിക്കുക); 'സുഖമെവിടെ ദുഃഖമെവിടെ ...'(വിലയ്ക്കു വാങ്ങിയ വീണ); 'ഈശ്വരനൊരിക്കൽ വിരുന്നിനു പോയി...' (ലങ്കാദഹനം); 'ഉത്തരാസ്വയംവരം കഥകളികാണുവാൻ...' (ഡെയ്ഞ്ചർ ബിസ്കറ്റ്) അങ്ങനെ

**നൂറ്റിയിരുപത്തിയഞ്ച് ചലച്ചിത്രങ്ങൾക്കായി ആയിരത്തോ ളം ഗാനങ്ങൾക്ക് അദ്ദേഹം ഈണം നൽകി. ഗായകൻ, ഗാനരചയിതാവ്, സംഗീതഗ്രന്ഥകാരൻ എന്നീ നിലകളി ലാണ് സ്വാമിയുടെ പ്രശസ് ി.**

**നീണ്ടു മെലിഞ്ഞ ശരീരം, മുണ്ടും ജുബ്ബായും വേഷം. നീട്ടിവരച്ച ഭസ്മക്കുറി, കറുത്ത ചരടിൽ കോർത്ത രു ദ്രാക്ഷം. ഏതാണ്ട് ആറടി പൊക്കം. മുറുക്കാൻ ചെല്ലവും മുദ്രവടിയും ഒപ്പമുണ്ടാകും. ഒരു സംഗീതോപകരണവും വായിക്കാനറിയില്ലായെന്നത് മറ്റൊരതിശയം.**

# ഗന്ധർവ്വസംഗീതജ്ഞൻ



മുപ്പത്തിനാലോളം അനശ്വര ഗാനങ്ങൾക്ക് ഈ കൂട്ടുകെട്ട് അവസരമൊരുക്കി.

പി.ഭാസ്കരൻ– ദക്ഷിണാമൂർത്തി; വയലാർ– ദക്ഷിണാമൂർത്തി; ഒ.എൻ.വി– ദക്ഷിണാമൂർത്തി കൂട്ടുകെട്ടും നല്ല ഗാനങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചു. ശങ്കരാചാര്യരുടെ കീർത്തനങ്ങളും പരമ്പരാഗത കീർത്തനങ്ങളും സ്വാമിയുടെ ഇണങ്ങളിൽ പുതുജീവൻ കൈവരിക്കുകയായിരുന്നു.

ശ്രീഗുരുവായൂരപ്പൻ, ദേവാലയം, അവൻ വരുന്നു, ശരിയോ തെറ്റോ തുടങ്ങിയ ചിത്രങ്ങളിൽ ഗായകനായി. ചന്ദ്രോത്സവം എന്ന ചിത്രത്തിലും അഭിനയിച്ചു.

സ്വാമികളുടെ കച്ചേരികളിൽ പ്രസിദ്ധം വൈക്കം ക്ഷേത്രത്തിലെ കച്ചേരിയായിരുന്നു. തുടർച്ചയായി പന്ത്രണ്ടുവർഷം കച്ചേരി നടത്തി. ത്യാഗരാജകീർത്തനങ്ങളാണ് ഏറെയും പാടിയിരുന്നത്. കാംബോജിയാണ് ജനത്തിനിനേറെയിഷ്ടം. 'കാംബോജി സ്പെഷ്യലിസ്റ്റ്' എന്നാണ് സ്വാമി അറിയപ്പെടുന്നത്. കച്ചേരികളിൽ പക്കമേളക്കാരെ വിളിക്കുന്നത് സംഘാടകരായിരിക്കും. പല പക്കമേളക്കാരും സ്വാമിയോടൊപ്പമെത്തുവാൻ നന്നേ വിയർക്കുമായിരുന്നു. ആരംഭകാലങ്ങളിൽ ശുണ്ഠിയെടുക്കുമായിരുന്നുവെങ്കിലും പിന്നീട് അവരുടെ പരിമിതികൾ മനസ്സിലാക്കി അവരെ തന്റെ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ ശ്രമിക്കുമായിരുന്നു. ഡിസംബറിലെ കൊടുംതണുപ്പിലും മേൽമുണ്ടും പുതപ്പുമൊന്നുമില്ലാതെയാണ് കച്ചേരി നടത്തിയിരുന്നത്. സ്വാമിയുടെ ആലാപനശൈലി വ്യത്യസ്തമായിരുന്നു. ഓരോ രാഗത്തിൽ നിന്നും നിരവധി കൈവഴികളിലൂടെ അതു സഞ്ചരിക്കും. മാവേലിക്കര പ്രഭാകരവർമയും പി.ആർ. കുമാരകേരളവർമയും ആ വിസ്മയത്തിനു സാക്ഷികളായിട്ടുണ്ട്. ഇങ്ങനെയും ആകാം എന്ന ബോധ്യപ്പെടുത്തലായിരുന്നു അതിലൂടെ സ്വാമി പ്രകടിപ്പിച്ചത്. കർണാടക സംഗീതം കൊണ്ടുതന്നെ ഒരു കേരളീയത സൃഷ്ടിക്കുവാൻ സ്വാമിക്കു കഴിഞ്ഞിരുന്നു. സംഗീതത്തെ ഈശ്വരനായി ഉപാസിക്കുകയായിരുന്നു. നാരായണമന്ത്രം മാത്രമായിരുന്നു നാവിൽ. രാഗവും താളവും പിഴച്ചാലും ഭക്തിയിൽ പിഴവുണ്ടാകരുതെന്നദ്ദേഹം പറയുമായിരുന്നു.

ശുദ്ധസംഗീതത്തിന് രോഗശാന്തി വരുത്തുവാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സ്വന്തം ജീവിതത്തിൽ ബോധ്യപ്പെട്ട രണ്ടുസംഭവങ്ങൾ അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള ഒരു ഹൃദ്രോഗിയും, മദ്രാസിൽവെച്ച് വേദനകാരണം നടുവനക്കാൻ വയ്യാതിരുന്ന ഒരു സ്ത്രീയും സ്വാമിയുടെ കച്ചേരിയിൽ നിന്നും ഔഷധം കണ്ടെത്തിയിരുന്നതായി അവർതന്നെ പറഞ്ഞിട്ടുണ്ട്.

സിനിമാസങ്കല്പത്തിനു ഇണങ്ങാത്ത കവിതകളും ദക്ഷിണാമൂർത്തിയുടെ സംഗീതത്തിനിണങ്ങുന്നതാക്കിമാറ്റുവാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. രാമു കാര്യാട്ടിന്റെ അഭയം എന്ന ചിത്രത്തിലേക്ക് ജി.ശങ്കരക്കുറുപ്പിന്റെ 'ശ്രാന്തമംബരം നിദാഘോഷ്മള സ്വപ്നാക്രാന്തം താന്തമാരബ്ധക്ലേശരോമന്ഥം, മമ സ്വാന്തം...' എന്ന കടുകട്ടിയായ കവിത ദക്ഷിണാമൂർത്തി വിദഗ്ദ്ധമായി മാറ്റിയെടുത്തു. കവിതയുടെ ഘനം കുറച്ച് പഞ്ഞിപോലെയാക്കിയ ദക്ഷിണാമൂർത്തിയെ ജി അഭിനന്ദിക്കുകയുണ്ടായി. ഈ ഗാനം പാടിയ യേശുദാസിനെ ജി ഗാന്ധഗന്ധർവ്വൻ എന്നു വിശേഷിപ്പിക്കുകയുണ്ടായി. പദങ്ങൾക്കു മേൽ പൊരുതിയിറങ്ങി ഇണക്കിയെടുക്കുവാനുള്ള കഴിവ് അസാധാരണമായിരുന്നു. ഇത്തരത്തിലുള്ള വരികൾ തനിക്കുമുന്നിൽ കിട്ടുമ്പോൾ 'ശരിപ്പെടുത്തി കൂട്ടിൽ കയറ്റി' എന്നാണ് സ്വാമി പറയുക.

1987ൽ ഭദ്രൻ സംവിധാനം ചെയ്ത ഇടവഴിയിൽ ഒരു കാലൊച്ച എന്ന സിനിമയിലെ ഗാനങ്ങൾക്ക് ഈണം നൽകിയതിനുശേഷം ഇരുപത്തിയൊന്നുവർഷം സ്വാമി സിനിമാസംഗീതത്തിൽനിന്നും വിട്ടുനിന്നു. 2008ൽ തൊണ്ണൂറാം വയസ്സിൽ അശോക് ആർ നാഥിന്റെ സാക്ഷി എന്ന ചിത്രത്തിനു സംഗീതസംവിധാനം നിർവ്വഹിച്ചു.

ജന്മനാട്ടിലെത്തുമ്പോൾ സുഹൃത്തുക്കളും ബന്ധുക്കളും കൂടിവരുമായിരുന്നു. മുല്ലയ്ക്കൽ ക്ഷേത്രത്തിൽ മണിക്കൂറുകളോളം ചെലവഴിക്കുമായിരുന്നു. തകഴി ശ്രീധർമ്മശാസ്താക്ഷേത്രം മറ്റൊരു ശബരിമലയായിരുന്നു. 1952ലെ പത്താമത്തെ ശബരിമലയാത്രയിൽ 'ഇനി ഇവിടെക്കു വരേണ്ട. ഞാൻ തകഴിയിലുണ്ടാകുമെന്ന അയ്യപ്പദർശന'മാണ് അതിനു സാഹചര്യമൊരുക്കിയത്. മകരവിളക്കിന് തകഴി ശാസ്താവിന് നെയ്യഭിഷേകം നടത്തുക പതിവാക്കിയിരുന്നു. അമ്പത്തിയൊന്നുവർഷം മുടങ്ങാതെ തകഴിയിൽ അയ്യപ്പദർശനം നടത്തിയിരുന്നു. വീട്ടിലെ പൂജാമുറിയിൽ പതിനെട്ടാം പടിയുടെ മാതൃകയുണ്ട്.

**സ്വാമികളുടെ കച്ചേരികളിൽ പ്രസിദ്ധം വൈക്കം ക്ഷേത്രത്തിലെ കച്ചേരിയായിരുന്നു. തുടർച്ചയായി പന്ത്രണ്ടുവർ ഷം കച്ചേരി നടത്തി. ത്യാഗരാജ കീർത്തനങ്ങളാണ് ഏറെയും പാടിയിരുന്നത്. കാം ബോജിയാണ് ജനത്തിനിനേ റെയിഷ്ടം. 'കാംബോജി സ് പെഷ്യലിസ്റ്റ്' എന്നാണ് സ്വാ മി അറിയപ്പെടുന്നത്.**

സ്വാമിയുടെ പാദസ്പർശത്താൽ അനുഗ്രഹം വീണ്ടെടുത്ത ക്ഷേത്രങ്ങൾ ഉത്തരകേരളത്തിലുണ്ട്. കണ്ണൂരിലെ മക്രേരി ഹനുമാൻ ക്ഷേത്രം, മലബാറിലെ ഒളവണ്ണ തൊണ്ടിലക്കടവ് അയ്യപ്പക്ഷേത്രം എന്നിവ ദക്ഷിണാമൂർത്തി സ്വാമിയുടെ സന്ദർശനത്താൽ പ്രശസ്തങ്ങളായവയാണ്. സ്വാമി പാടിയ ഭക്തിഗാനങ്ങളിലൂടെ ക്ഷേത്രത്തിന് പുനരുദ്ധാരണവും പ്രശസ്തിയും കൈവന്നു. മേല്പത്തൂരിന്റെ നാരായണീയത്തിനും പൂന്താനത്തിന്റെ ജ്ഞാനപ്പാനയ്ക്കും ഈണം നൽകുവാനുള്ള ഭാഗ്യം സ്വാമിക്കു കൈവന്നു. ബ്രാഹ്മമുഹൂർത്തത്തിൽ കണ്ണന്റെ ഉണർത്തുപാട്ടായി ഗുരുവായൂരിൽ നിത്യവും അലയടിക്കുന്നത് ദക്ഷിണാമൂർത്തിയുടെ ഈണത്തിൽ പി.ലീല പാടിയ നാരായണീയമാണ്. ജ്ഞാനപ്പാനയ്ക്ക് ഇത്രയധികം പ്രശസ്തി കൈവന്നതും സ്വാമിയുടെ സംഗീതത്തിലൂടെയാണ്.

കേരള സംഗീതനാടക അക്കാദമി (1961), സംഗീത സംവിധാനത്തിനുള്ള സംസ്ഥാന അവാർഡ് (1971), തിരുവിതാംകൂർ ദേവസ്വം കലാരത്ന അവാർഡ് (1972), കേരള സംഗീത നാടക അക്കാദമി ഫെലോഷിപ്പ് (1982), ജെ.സി. ദാനിയേൽ പുരസ്കാരം (1998), സ്വാതി തിരുനാൾ പുരസ്കാരം(2013), ഇന്ത്യൻ ടാക്കീസ് ഗോൾഡൻ ജൂബിലി അവാർഡ്(1981), രംഗനാഥ് അവാർഡ് (1990), ആത്മജനവിതാകർ അവാർഡ് (1991) കേന്ദ്രസർക്കാരിന്റെ ഇന്ത്യൻ ചലച്ചിത്ര രജതജൂബിലി അവാർഡ് തുടങ്ങി ഒട്ടേറെ ബഹുമതികൾ സ്വാമിയെ തേടിയെത്തി. ഈ പുരസ്കാരങ്ങളെല്ലാം തനിക്ക് സുബ്രഹ്മണ്യസ്വാമിയുടെ ദർശനമുണ്ടായ മക്രേരി ഹനുമാൻക്ഷേത്രത്തിൽ സമർപ്പിക്കുകയായിരുന്നു. ഇവ സൂക്ഷിക്കുന്നതിനായി പ്രത്യേക സരസ്വതിമണ്ഡപം ക്ഷേത്രാങ്കണത്തിൽ നിർമ്മിച്ചിട്ടുണ്ട്.

നാനൂറോളം തമിഴ് പാട്ടുകൾ അദ്ദേഹം എഴുതിയിരുന്നു. പകുതിയോളം ഗാനങ്ങൾക്ക് ഈണം നൽകി പ്രമുഖരായവരെക്കൊണ്ടു പാടിച്ചിരുന്നു. എന്നാൽ പൂർത്തിയാക്കുവാൻ കാലം അനുവദിച്ചില്ല. ആത്മദീപം, സത്യമിത്രം എന്നീ സംഗീതകൃതികൾ സ്വാമിയുടേതായിട്ടുണ്ട്.

അനിൽ വി. നാഗേന്ദ്രൻ സംവിധാനം ചെയ്ത വസന്തത്തിന്റെ കനൽവഴികൾ എന്ന സിനിമയിലെ ഗാനത്തിനാണ് അദ്ദേഹം അവസാനമായി സംഗീതം നൽകിയത്.

ഇന്ത്യൻ സിനിമാ സംഗീതസംവിധാനത്തിൽ ഏറ്റവും കൂടുതൽ കാലം പ്രവർത്തിച്ച സ്വാമി 2013 ആഗസ്റ്റ് 2ന് 94–ാം വയസ്സിൽ സംഗീതഗന്ധർവ്വലോകത്തിലേക്ക് മടങ്ങിപ്പോയി.



# ഒരു നദിയുടെ പിറവി

■ പ്രൊഫ.വി.രാധാമണിക്കുഞ്ഞമ്മ



ആയിരമായിരമാണ്ടുകളായിട്ടെന്നുടെ
പൂർവ്വികരിവിടെ വസിപ്പൂ
ഒരുനാൾ വറുതിയിലാകെ നശിച്ചൂ,
പശിയാലാളുകൾ വീണു മരിച്ചൂ
കാലികൾ, വേട്ടപ്പട്ടികളെല്ലാം
ഒന്നൊഴിയാതേ ചത്തുമുടിഞ്ഞൂ
എരിപൊരികൊണ്ടൊരു നാട്ടാരമ്പലമണികളടിച്ചു
കരഞ്ഞു വിളിച്ചൂ
ഉടയോൻ തന്നുടെ പേരാളാകും
"പച്ചപ്പേ"യേ കൂട്ടിനയച്ചൂ
കൗശലമേറും പച്ചപ്പേയൊരു
ഗുഹയിൽ കേറിയിരിപ്പായല്ലോ.
ആളുകളോടിക്കൂടിയിരന്നൂ
"തീനും വെള്ളവുമെത്തിക്കേണേ!
വേട്ടയ്ക്കൊത്തൊരു തട്ടകമെങ്ങാൻ
കാട്ടിത്തന്നാൽ മതിയായീടും."

ചിറകുവിരിച്ചു പറന്നൂവീരൻ,
അകലെക്കാണും മലനിരനോക്കി
മഞ്ഞും വെള്ളവു,മെല്ലായിടവും
മഞ്ഞുംവെള്ളവുമല്ലാതില്ല.
കാടുകൾ, ജീവികൾ, കാട്ടാറുകളും
പുൽമേടുകളും കാണാനില്ല.
വീണ്ടും ചുറ്റിനടന്നിട്ടെങ്ങും
കനമായ് മഞ്ഞിൻ കട്ടകൾ മാത്രം.
കദനത്താലേ കരളുകഴച്ചിട്ടവനൊരു
കല്ലിൽ ചാരിയിരുന്നൂ
അളവില്ലാത്തൊരു ശക്തിയ്ക്കുറവാം
ഹൃദയമുറക്കെ മിടിച്ചുതുടങ്ങീ
അതിനുടെ ചൂടാൽ മഞ്ഞുമലിഞ്ഞൂ,
തളിനീരായിത്താഴോട്ടൊഴുകീ,
മനസ്സുതെളിഞ്ഞു ചിരിച്ചൂ ഭൂതം,
തറയിൽ നീണ്ടു നിവർന്നു കിടന്നൂ.

മന്ദമിഴഞ്ഞു വലിഞ്ഞൂപോയീ
ദക്ഷിണദിക്കിൻ നേരായ്ത്തന്നേ
അവനുടെ ഭീമാകാരശരീരം
നീങ്ങിയ പാടിൽ തെളിനീർ തിങ്ങീ
മെല്ലെച്ചാലതു പുഴയായൊഴുകീ,
നീണ്ടുപരന്നു കുതിച്ചും കൊണ്ടേ.
മുന്നോട്ടിഴയുമ്പോഴിരുപാടും
വാലാൽത്തല്ലിച്ചാലുകൾ കീറി
നീണ്ടു കനത്ത നഖങ്ങൾ മാന്തിയ
പാടുകൾ സരസ്സുകളായിത്തീർന്നൂ
മാനുകൾ, കരടികൾ, കോഴികൾ ഭൂതം–
യാത്ര തുടങ്ങും മുമ്പു വിഴുങ്ങിയ
ജീവികളേയാപ്പുഴയോരത്തേ–
ക്കവനോരോന്നായ്ത്തുപ്പിയൊഴിച്ചൂ
നീണ്ട ചെതുമ്പൽ പാറയടുക്കായ്,
രോമം പുല്ലായ് നീണ്ടുവളർന്നൂ.

ഹിമമലയുരുകിവരുന്നൊരു ശബ്ദം
കേട്ടെൻ പൂർവ്വികർ മണികളടിച്ചൂ
പച്ചപ്പേയാം രക്ഷകനവരേ
വിസ്കോൻസിൻഡെൽ നേർക്കു വിളിച്ചൂ!

*(അമേരിക്കയിലെ വീതിയേറിയ വിസ്കോൻസ്റ്റിൻ നദിയുടെ ഉത്ഭവത്തെപ്പറ്റി, അവിടം സന്ദർശിച്ചപ്പോൾ, ആദിവാസി പറഞ്ഞ കഥ)*

കഥ

മില്ലി ഫിലിപ്പ്

# പെയ്തൊഴിയാത്ത മഴ മേഘങ്ങൾ




പ്രശാന്തമായ പുലരി.

ദീപു കാർ സ്റ്റാർട്ടാക്കുന്നു. കൈവീശി യാത്രപറഞ്ഞ് ഓഫീസിലേക്ക്. കുട്ടികൾ സ്കൂളിലേക്കു പോയി.

ജാലകക്കണ്ണാടിയിലൂടെ കുറച്ചുനേരം വെറുതെ നോക്കിയിരുന്നു.

കൊടും തണുപ്പ്.

തൂവെള്ളക്കമ്പളം മൂടിയ ഭൂമിയിലേക്ക് സൂര്യകിരണങ്ങൾ ഊർന്നിറങ്ങുന്നു. പ്രകൃതിയ്ക്ക് കൂടുതൽ മനോഹാരിത.

ഈശ്വരാ.. ലോഗിൻ ചെയ്യാൻ മറന്നു.

മനസ്സിലൊരു ഗാനം... മറന്നിട്ടും എന്തിനോ മനസ്സിൽ തുളുമ്പുന്ന മൗനാനുരാഗത്തിൻ മുഗ്ദ്ധഭാവം.

ഈശ്വരാ... ഇതെപ്പോൾ മനസ്സിൽ ചേക്കേറി.

ലോഗിൻ ചെയ്തു. ഒരു ഫോൺ.

കുട്ടനാട്ടിലെ നമ്പറാണല്ലോ.

“ഹലോ പൂജ...”

“അതെ” സന്ദേഹത്തോടെയാണ് സംസാരിച്ചുതുടങ്ങിയത്.

“Tomorrow your Birthday, right? Many many happy returns of the day dear. ആരെന്നു മനസ്സിലായോ?”

“സോറി മനസ്സിലായില്ല.”

“ഓ.. അപ്പോൾ നീ എന്റെ ശബ്ദവും മറന്നു അല്ലേ?” ഒരു നിമിഷത്തിനുശേഷം

“ഞാൻ ജയശങ്കർ...”

“I am really sorry Jaya. After a long time almost twenty years ago.”

“Please really sorry.”

“That is ok I can understand. നമ്മുടെ കോളജ് ദിനങ്ങളൊക്കെ ഓർമ്മിച്ചപ്പോൾ നിന്റെ ബർത്ത്ഡേ ഓർമ വന്നു. വിളിക്കണമെന്നു തോന്നി. ബൈ...”

അവൾ ഫോൺ വച്ചു.

പുറത്ത് സൂര്യകിരണങ്ങൾക്ക് ശക്തിയും വ്യാപ്തിയും കൂടിയിരിക്കുന്നു. ഭൂമി തന്റെ കമ്പളം എടുത്തുമാറ്റാൻ ശ്രമിക്കുന്നതുപോലെ. അതിലും വേഗത്തിൽ മനസ്സ് കോളജ് ദിനങ്ങളിലേക്ക് പ്രവേശിച്ചു.

പരിഭവങ്ങളും പരാതികളും ഇല്ലാതെ, സ്വപ്നങ്ങൾക്കു നീലകമ്പളം പരിവേഷം ചാർത്തിയ കാലം. ഓരോ കൗതുകക്കാഴ്ചകൾക്കു മുമ്പിലും ചിത്രശലഭംപോലെ മനസ്സ് ചിറകടിച്ചു വർണ്ണാഭമായി.

ആ നുണക്കുഴിക്കവിളുകൾ എന്റെ ഓർമ്മകളിലുടക്കി നിന്നു!

ഒരുവാക്കുപോലും പറയാതെ എന്തൊക്കെയോ എന്നോടു പറഞ്ഞ ആ മിത്രം.

അങ്ങനെയുള്ള ആ പരിചയപ്പെടുത്തൽ ശരിയാണോ എന്നറിഞ്ഞുകൂടാ.

അത്തരത്തിലുള്ള ചില ഓർമകളെ മനസ്സാകുന്ന ചിപ്പിക്കുള്ളിൽ മുത്തായി ഞാൻ സൂക്ഷിക്കുകയായിരുന്നു.

ജയശങ്കറിന്റെ ഫോൺ വിളിക്കുശേഷം ഞാൻ ആ ചിപ്പി മെല്ലെ തുറന്നു.

കോളജിൽ എന്റെ എതിർ സ്ഥാനാർത്ഥിയായിരുന്നു ജയശങ്കർ

രണ്ടു വ്യക്തികൾ എന്നതിലുപരി രണ്ടു പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള മത്സരമായിരുന്നു അത്.

Meet the Candidate കഴിഞ്ഞ് എന്റെ അരികിലേക്കു വന്നു പ്രസംഗം നന്നായിരുന്നുവെന്നു പറഞ്ഞു പോയി. അതൊരു പ്രശംസ മാത്രമായിരുന്നില്ല.

ആ കണ്ണുകൾ എന്താണ് എന്നോടു പറയുവാൻ ശ്രമിച്ചത്? എന്നിലെ പത്തൊമ്പതുകാരിയുടെ ഹൃദയം മിടിച്ചുവോ? ആ നോട്ടം ഹൃദയത്തിലെവിടെയോ പതിച്ചുവോ?

യാന്ത്രികമായിട്ടാണ് രാവിലത്തെ കോൺഫറൻസ് കാൾ അറ്റന്റ് ചെയ്തത്. കൈവിട്ടുപോയ പട്ടംപോലെ മനസ്സലയുകയാണ്. പ്രോജക്ട് മാനേജർ എന്തൊക്കെയോ പറയുന്നു. പത്തുമിനിറ്റിന് പത്തുമണിക്കൂറിന്റെ ദൈർഘ്യം. കോൺഫറൻസു കഴിഞ്ഞു.

പത്തൊമ്പതുകാരിയുടെ കുസൃതിയോടെ ആ നമ്പർ റീഡയൽ ചെയ്തു.

“എനിക്കറിയാമായിരുന്നു താൻ തിരിച്ചു വിളിക്കുമെന്ന്.”

ഞാൻ ചിരിച്ചുനിർത്തി. “ഇരുപതുവർഷങ്ങൾക്കുശേഷം എന്തിനു വിളിച്ചു?”

“ബർത്തഡേ വിഷ് ചെയ്യാൻ. തെറ്റായോ?”

ഞാൻ ഒന്നു നിശ്വസിച്ചു. അത് ആ കാതുകളിൽ പതിഞ്ഞുവെന്നു ബോധ്യമായി.

“താൻ ഇപ്പോൾ കഥയും കവിതയുമൊന്നും എഴുതാറില്ലേ പൂജ..”

“ഇല്ല..”

“എഴുതണം...” ആ വാക്കുകൾ അഭ്യർത്ഥനയുടേതായിരുന്നു.

“നീ കോളജിൽ അവതരിപ്പിച്ചതും, മാഗസിനിൽ വന്നതുമൊക്കെ ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. സമയം അനുവദിക്കുമെങ്കിൽ എന്റെ പ്രൊഫൈൽ ഫേസ്ബുക്കിൽ ഒന്നു നോക്കുമോ?”

ഫേസ്ബുക്ക് ഓപ്പൺ ചെയ്തു.

ശരിക്കും ഞാൻ വിസ്മയിച്ചുപോയി.

എന്റെ കവിതയിൽ ഞാൻ കോറിയിട്ട ഒരു മനോഹര സൗധം.

ഒരു വശത്ത് മലഞ്ചെരിവ്. മറുവശത്ത് നെൽപ്പാടം. അവിടെയാകെ ചുറ്റിക്കറങ്ങുന്ന കാറ്റ് ഒരനുഭവമാകുകയായിരുന്നു.

തെടിയിൽ നെല്ലി, മാതളം, പ്ലാവ്. എല്ലാറ്റിന്റെയും ഫോട്ടോ ഒരു കുട്ടി കളിപ്പാട്ടങ്ങൾ കാട്ടുന്ന നിഷ്കളങ്കതയോടെ ജയശങ്കർ എനിക്ക് മെസ്സേജ് ചെയ്തുകൊണ്ടിരുന്നു.

പിന്നീട് വന്നത് പൂന്തോട്ടത്തിന്റെ ചിത്രങ്ങളാണ്. ഡാലിയ, ആന്തൂറിയം, വിവിധ നിറങ്ങളിലുള്ള റോസാ പൂക്കൾ. പുഷ്പങ്ങൾ എന്നും എന്റെ ദൗർബല്യമായിരുന്നു. പ്രത്യേകിച്ചും റോസാപൂക്കൾ.

ജയശങ്കർ അതെന്നെ ഓർമ്മിപ്പിച്ചു.

“നമ്മുടെ ചിന്തകളും ഇഷ്ടങ്ങളും എപ്പോഴും ഒരേ ദിശയിലായിരുന്നില്ലേ” എന്നായിരുന്നു കമന്റ്.

ഞാനേറെ സ്നേഹിച്ച എന്റെ സരസ്വതീക്ഷേത്രത്തിലേക്ക് അതെന്നെ കൂട്ടിക്കൊണ്ടുപോയി.

ഇടവിടാതെ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയെ ഞാൻ അവിടെ കണ്ടു. ചാറ്റർ ബോക്സ് എന്നായിരുന്നു അവളുടെ ചെല്ലപ്പേര്. എപ്പോഴും ചിരിച്ചു നടക്കുന്ന കുട്ടി എന്നതായിരുന്നു അവളെക്കുറിച്ചുള്ള കമന്റ് - അത് ഞാനായിരുന്നു.

മറ്റുള്ളവരുടെ മുന്നിൽ ഞാൻ സന്തോഷവതിയായിരുന്നു. എന്നാൽ ആകുലതകളെക്കുറിച്ചും നൊമ്പരങ്ങളെക്കുറിച്ചും ജയശങ്കറിന് അറിയാമായിരുന്നു.

എന്റെ വിവാഹ നിശ്ചയം നടന്നു. ഞാൻ വിവാഹിതയായി. ഏഴുകടലുകൾ താണ്ടി. അവിടെ ഞാനൊരു ജീവിതം ആരംഭിച്ചു. സൗഭാഗ്യങ്ങൾ കൊണ്ട് ആവരണം ചെയ്യപ്പെട്ട ജീവിതം. ആരും മോഹിച്ചുപോകുന്ന ജീവിതം.

പക്ഷെ... ഹൃദയത്തിൽ എവിടെയോ ഒരു മുറിപ്പാട്. അകാരണമായ ഒരു വേദന ഇടയ്ക്കിടെ മനസ്സിനെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു. അതൊരു വികല്പമാകാം. ആകുലതകളെ ഏറ്റുവാങ്ങാൻ ശ്രമിക്കുന്ന ഒരു മനസ്സിന്റെ തോന്നലുകളുമാകാം.

രണ്ടു പതിറ്റാണ്ടുകൾക്കുശേഷം അവിചാരിതമായി കടന്നുവന്ന ജന്മദിന ആശംസ എന്റെ നൊമ്പരത്തെ തൊട്ടുണർത്തി. അകാരണമായ വേദനയുടെ കാരണം കൂടിയായിരുന്നു അത്.

എന്റെ ജീവിതം എന്റെ സ്വപ്നങ്ങൾ ആയിരുന്നില്ല.

ഞാൻ എഴുതി തുടങ്ങണമെന്ന് ജയശങ്കർ നിർബന്ധിക്കുന്നു.

“ഇനി എനിക്കതിനു കഴിയുമെന്നു തോന്നുന്നില്ല. എങ്കിലും പെയ്തൊഴിയാത്ത കുറേ മഴമേഘങ്ങൾ എന്റെ ഉള്ളിൽ ഇപ്പോഴുമുണ്ട്.”

മഴയ്ക്കുശേഷം തെളിഞ്ഞു മനോഹരമായ ആകാശത്തട്ടല്ലെ എന്റെ വർത്തമാനകാലം- ഞാൻ ഓർത്തു.

“വിടരാതെപോയ ആ മോഹങ്ങളെ കൂട്ടിച്ചേർക്കാൻ വാക്കുകൾക്കെങ്കിലും കഴിയുമെങ്കിൽ ...” ജയശങ്കർ പറഞ്ഞു നിർത്തുമ്പോൾ ആ ശബ്ദത്തിലെ പതർച്ച എന്റേതായി മാറുകയായിരുന്നു.

“ജീവിതം മരീചികയാണ് എന്ന് ധ്വനിപ്പിക്കുന്ന നീ എഴുതിയ ആ ഇംഗ്ലീഷ് കവിത ഓർക്കുന്നുവോ?” ജയശങ്കർ വീണ്ടും സംസാരിച്ചുതുടങ്ങി.

“ഇരുപതു കൊല്ലമായി ഞാൻ എല്ലാം മറക്കാൻ ശ്രമിക്കുകയാണ്...”

"Life is a mystery... while leading a mysterious life

We will search around for Oasis. that is human nature.

Something we need to vent, need to get inspired

need to get admired need to be loved more over a person who can trust

but for me everything a mirage. ഇതായിരുന്നു പൂജ താൻ എഴുതിയത്”

"Jaya... you still remember this" ഞാൻ അത്ഭുതപ്പെട്ടു.

“നിന്നെ ഞാൻ ഒരിക്കലും മറന്നിട്ടില്ല. നിന്റെ കവിതകളും.”

പെട്ടെന്ന് സംഭാഷണം മുറിഞ്ഞതുപോലെ. ഫോൺ കട്ടായതാണോ അതോ, ഞാൻ കട്ടാക്കിയതാണോ. അറിയില്ല.

സംഭാഷണം അവിടെ അവസാനിച്ചത് എത്ര നന്നായി.

ഇനി പറഞ്ഞു തുടങ്ങുന്ന ഓരോ വാക്കുകൾക്കും ജീവിതമാണ് വില നൽകേണ്ടത്.

ജോലി തുടർന്നുവെങ്കിലും വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിഞ്ഞില്ല.

എന്റെ ഹൃദയം വായിച്ചറിഞ്ഞ ഒരാൾ. എന്റെ കവിത സ്നേഹിച്ച ഒരാൾ. രണ്ടുപതിറ്റാണ്ടിനുശേഷവും അതേ മാനസികാവസ്ഥയിൽ ഒരാളുണ്ടെന്നറിയുമ്പോൾ...

ഉള്ളിലൊരു നെരിപ്പോടെരിയുന്നതുപോലെ...

ഇല്ല. എന്റെ മോഹങ്ങൾക്ക് ശാദ്വലഭൂമിയായി ചിലരുണ്ടെന്നുള്ള ആശ്വാസം. സ്നേഹിക്കപ്പെടുവാനും, അംഗീകരിക്കപ്പെടുവാനും ആഗ്രഹിക്കാത്ത ഒരു സ്ത്രീയും ഉണ്ടാവില്ല.

ഒന്നും പറയാതെ, എല്ലാം പറഞ്ഞ, എന്നിലെ എന്നെ ഓർമ്മകളുടെ ചിപ്പിക്കുള്ളിലെ മുത്തായി സൂക്ഷിച്ച ജയശങ്കറിന് ഞാൻ ഈ പെയ്തൊഴിയാത്ത മഴമേഘങ്ങൾ സമർപ്പിക്കുന്നു...

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.